**പന്ത്രണ്ടാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2009-2011)

## ഇരുപത്തി രണ്ടാമത് റിപ്പോർട്ട്

(2009 ജൂലൈ മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കണ്ണൂർ ജില്ലയിലെ ബ്ലോക്കുപഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2002-2003 മുതൽ 2004-2005 വരെയുള്ള സമാഹൃത റിപ്പോർട്ടുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2009

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2009–2011)

## ഇരുപത്തി രണ്ടാമത് റിപ്പോർട്ട്

(2009, ജൂലൈ മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കണ്ണൂർ ജില്ലയിലെ ബ്ലോക്കുപഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2002–2003 മുതൽ 2004–2005
വരെയുള്ള സമാഹൃത റിപ്പോർട്ടുകളുടെ പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

545/2009.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | .. | 1 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | .. | 10 |
| ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | .. | 18 |
| എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | .. | 26 |
| തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | .. | 27 |
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | .. | 29 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 40 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009–2011)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എൻ. അനിരുദ്ധൻ

അംഗങ്ങൾ :

ശ്രീ. കെ. കെ. ദിവാകരൻ
,, കെ. ബാബു
,, എം. ജെ. ജേക്കബ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീ. എം. അബ്ദുൾ റാഫി, ജോയിന്റ് സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ ഇരുപത്തി രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2002-2003 മുതൽ 2004-2005 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2009 ജൂൺ മാസം 10-ാം തീയതി ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

**എൻ. അനിരുദ്ധൻ,**

അദ്ധ്യക്ഷൻ,

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,

ജൂലൈ 6, 2009.

# റിപ്പോർട്ട്

## കണ്ണൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ

## I. കൂത്തുപറമ്പ് ബ്ലോക്ക്

ഓഡിറ്റ് ഖണ്ഡിക

**ഖാദി നെയ്ത്ത് കേന്ദ്രം—പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ**

1999-2000-ൽ വ്യവസായ മേഖലയിൽ വനിതാ വ്യവസായ എസ്റ്റേറ്റിന് സ്ഥലമെടുപ്പിന് വകയിരുത്തിയിരുന്ന 5,30,051 രൂപയിൽ നിന്ന് 5,25,000 രൂപ വകമാറ്റി പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നെയ്ത്തു കേന്ദ്രങ്ങളിലെ പതിനഞ്ച്-ഇരുപതു വർഷം പഴക്കമുള്ള ആറ് സ്പിന്റിൽ ചർക്കകളിൽ 105 എണ്ണം എട്ട് സ്പിന്റിൽ ചർക്കകളാക്കി മാറ്റുന്നതിനുള്ള പദ്ധതി രൂപീകരിച്ചു. ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളും പൊരുത്തക്കേടുകളും ശ്രദ്ധിക്കപ്പെട്ടു.

105 ചർക്കകൾ വാങ്ങി മാനന്തേരി, കോട്ടയോടി, കുരാറ എന്നീ കേന്ദ്രങ്ങളിൽ 40, 40, 25 വീതം വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നെങ്കിലും കോട്ടയോടി കേന്ദ്രത്തെ ഒഴിവാക്കി പകരം കണ്ണവം കോളനി R.T.C. ഉൾപ്പെടുത്തി യഥാക്രമം 50, 25, 25 വീതം നൽകുകയാണുണ്ടായത്. ഒരു കേന്ദ്രത്തെ ഒഴിവാക്കിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

മൊത്തം 5.25 ലക്ഷം രൂപയുടെ ചർക്കകൾ ആണ് വാങ്ങിയിട്ടുള്ളത്. ഇത്രയും വലിയ ഒരു തുകയുടെ ഇടപാടിന് നിയമാനുസൃതമായ രീതിയിൽ മത്സരാടി സ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. 10-7-1996-ന്റെ അഖിലേന്ത്യാ കോസ്റ്റ് ചാർട്ട് പ്രകാരം ചർക്ക ഒന്നിന് 5,107 രൂപ മാത്രമുള്ളപ്പോഴാണ് 5,250 രൂപക്ക് ടി ചർക്കകൾ വാങ്ങിയിട്ടുള്ളത്.

സാധനം വിതരണം ചെയ്ത സ്ഥാപനത്തിന് തുക നൽകിയതിനുള്ള കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുക്കുകയോ ഇവ നൽകിയ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ഇവ ഉപയോഗിക്കുന്ന സ്ത്രീകൾ ദുർബല വിഭാഗത്തിലോ പട്ടികജാതി/വർഗ്ഗ വിഭാഗത്തിലോ പെട്ടവരാണെന്നു കാണിക്കുന്ന രേഖകളും ലഭ്യമല്ല.

ചർക്കകളോടൊപ്പം 72 പ്ലാറ്റ്ഫോമുകളും സ്റ്റാന്റുകളും വാങ്ങിയതായി ബില്ലിൽ പറയുന്നുണ്ടെങ്കിലും അവയുടെ വിതരണത്തിന്റെ വിവരങ്ങൾ വ്യക്തമല്ല. ട്രാൻസ്പോർട്ട് ആന്റ് ഫ്രെയിറ്റ്, ഇൻഷുറൻസ് എന്നിവയ്ക്ക് ചെലവഴിച്ച 24,500 രൂപയ്ക്കുള്ള രേഖകളും ലഭ്യമാക്കിയിട്ടില്ല.

143 രൂപ വീതം അധികം ചെലവഴിച്ച് 100 ചർക്കകൾ വാങ്ങിയ ഇനത്തിൽ 14,300 രൂപയുടെ വ്യക്തമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. 5,25,000 രൂപ വകയിരുത്തിയ

ഈ പദ്ധതിക്ക് മൊത്തം 5,59,600 രൂപ ചെലവഴിച്ചതായികാണുന്നു. അധികമായി ചെലവു ചെയ്ത 34,600 രൂപയുടെ ഉറവിടം അജ്ഞാതമാണ്. തന്നെയുമല്ല, ചെറുകിട ഖാദി നെയ്ത്ത് കേന്ദ്രങ്ങൾക്ക് ഖാദി ബോർഡ് സാമ്പത്തിക സഹായം നൽകുമെന്നിരിക്കേ ബ്ലോക്ക് പഞ്ചായത്ത് 100 ശതമാനം സബ്സിഡിയായി ചർക്കകൾ വാങ്ങി നൽകിയ നടപടിയിലെ ഉദ്ദേശശുദ്ധി പരിശോധനാവിധേയമാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII 13(4)(i)]

12-11-2007-ലെ 66277/എബി1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :—

1. "കോട്ടയോടി കേന്ദ്രത്തിൽ ചർക്ക ഇറക്കിവയ്ക്കാൻ സ്ഥലസൗകര്യം ലഭ്യമല്ല. അതിനാലാണ് അടുത്ത സ്ഥലമായ കണ്ണവം ആർ.ടി.സി. യിൽ ഇറക്കി വച്ചത്. പ്രസ്തുത ചർക്കകൾ കോട്ടയോടി കേന്ദ്രത്തിലേക്ക് മാറ്റിയിട്ടുണ്ട്. 5,25,000 രൂപയ്ക്ക് 100 ചർക്കകൾ മാത്രമേ വാങ്ങിക്കാൻ തികയുമായിരുന്നുള്ളൂ. 8 സ്പിൻഡിൽ അമ്പർ ചർക്ക ഗുജറാത്ത് ഖാദി ഗ്രാമോദ്യോഗ് മണ്ഡൽ സഞ്ചാലിത് ഖാദി സരൻജം കാര്യാലയ് അഹമ്മദാബാദാണ് ഇന്ത്യയിൽ തയ്യാറാക്കി വിതരണം ചെയ്തുവന്നത്. അതിനാലാണ് ആ സ്ഥാപനത്തിൽനിന്നും വാങ്ങിയത്. 8 സ്പിൻഡിൽ ചർക്കയ്ക്ക് 5,307 രൂപയാണ് ഡയറക്ടറേറ്റ് ഓഫ് ഇൻസ്ട്രുമെന്റേഷൻ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ രേഖപ്പെടുത്തിയത്.

2. പയ്യന്നൂർ ഖാദി സെന്റർ ഡയറക്ടറുടെ സ്റ്റാമ്പ് രസീത് ലഭ്യമാണ്. ചർക്കകൾ വാങ്ങുന്നതിനായി ഈ സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയത്.

3. ചർക്കകൾ വാങ്ങിക്കുന്നതിന് പയ്യന്നൂർ ഖാദി കേന്ദ്രം ഡയറക്ടറെയാണ് ചുമതലപ്പെടുത്തിയത്. ആ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതൊരു അർദ്ധ സർക്കാർ സ്ഥാപനവും ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ രജിസ്റ്റർ ചെയ്തതുമാണ്. ഈ പ്രോജക്ട് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടിയാണ് നടപ്പാക്കിയിട്ടുള്ളത്.

4. പ്ലാറ്റ്ഫോം അടക്കമാണ് ചർക്കകൾ വാങ്ങിയിട്ടുള്ളത്. ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഇൻഷുറൻസ് തുകയുടെയും രേഖകൾ പയ്യന്നൂർ ഖാദി കേന്ദ്രം ഡയറക്ടറാണ് സൂക്ഷിച്ചിട്ടുള്ളത്.

5. ഒരു ചർക്കയുടെ യഥാർത്ഥ വില 5,250 രൂപയാണ്. ഖാദി കമ്മീഷന്റെ അംഗീകൃത വില ഒരു ചർക്കയ്ക്ക് 5,307 രൂപയാണ്. ഒരു ചർക്കയ്ക്ക് 5,107 എന്നത് തെറ്റായി രേഖപ്പെടുത്തിയതാണ്. അതിനാൽ ചർക്കയുടെ വിലയിൽ അധിക ചിലവ് വന്നിട്ടില്ല. പ്രോജക്ടിൽ അധികമായി വന്നിട്ടുള്ള ചെലവ് പയ്യന്നൂർ ഖാദി കേന്ദ്രമാണ് വഹിച്ചിട്ടുള്ളത്. ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിക്കൊണ്ടാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്".

6. ഡയറക്ടറേറ്റ് ഓഫ് ഇൻസ്ട്രുമെന്റേഷൻ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള വിലയ്ക്കാണ് ചർക്കകൾ വാങ്ങിയതെന്നും 100 ചർക്കകളാണ് ഇപ്രകാരം വാങ്ങിയതെന്നും സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ അവ സപ്ലൈ ചെയ്ത സ്ഥാപന ങ്ങളുമായി കരാർ ചമയ്ക്കുകയോ ചെയ്യാത്തത് എന്തുകൊണ്ടാണ് എന്നും സമിതി ആരാഞ്ഞു. പയ്യന്നൂർ ഖാദി കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാനത്തേരി, കോട്ടയോടി, കൂരാറ എന്നീ കേന്ദ്രങ്ങൾക്കുവേണ്ടിയായിരുന്നു ചർക്ക വാങ്ങിയതെന്നും പ്രോജക്ട് റിപ്പോർട്ടിൻപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായി ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസറെ ചുമതലപ്പെടുത്തുകയും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ സമിതിയെക്കൊണ്ട് പ്രോജക്ട് നടപ്പാക്കുന്നത് അപ്രായോഗികമായതിനാൽ പയ്യന്നൂർ ഖാദി കേന്ദ്രംതന്നെ പദ്ധതി നടപ്പാക്കുകയാണ് ഉത്തമമെന്നും തീരുമാനിച്ചിരുന്നു. ഈ സാഹചര്യത്തിൽ പദ്ധതിക്ക് ആവശ്യമായ പണം ഖാദി സെന്റർ ഡയറക്ടർക്ക് നൽകുകയാണുണ്ടായതെന്നും പയ്യന്നൂർ ഖാദി കേന്ദ്രം ഡയറക്ടർ നേരിട്ടു ചർക്കകൾ വാങ്ങിയതിനാൽ സ്റ്റോക്കിലെടുത്തതും രസീതുകൾ സൂക്ഷിച്ചിരിക്കുന്നതും ഖാദി സെന്റർ ഡയറക്ടർ തന്നെയാണെന്നും സമിതി മനസ്സിലാക്കി.

7. ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽനിന്നും തുക ചെലവഴിച്ച് ബ്ലോക്കിന്റെ പദ്ധതിയിൻകീഴിൽ വാങ്ങിയ സാധനങ്ങൾ ബ്ലോക്കിന്റെ സ്വത്താണെന്നും ആയതിനാൽ ഇതു സംബന്ധിച്ച രസീതും സ്റ്റോക്ക് രജിസ്റ്ററും ബ്ലോക്ക് പഞ്ചായ ത്താഫീസിലാണ് സൂക്ഷിക്കേണ്ടതെന്നും സമിതി വിലയിരുത്തി.

8. പ്രോജക്ട് റിപ്പോർട്ടിൽ ഈ പദ്ധതിക്ക് നൂറു ശതമാനം സബ്സിഡി നൽകേണ്ടതാണ് എന്ന് വിഭാവനം ചെയ്തിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് "ധനകാര്യ വിശകലനം" എന്ന ശീർഷകത്തിൽ നിലവിൽ എട്ട് സ്പിൻഡിൽ ചർക്കയ്ക്ക് കടത്തുകൂലിയടക്കം അയ്യായിരം രൂപ വില വരുമെന്നും 105 എട്ട് സ്പിൻഡിൽ ചർക്കകൾ വാങ്ങുന്നതിന് അഞ്ചേകാൽ ലക്ഷം രൂപ വേണ്ടിവരുന്നതാണ് എന്നും മാത്രമേ പറഞ്ഞിട്ടുള്ളു എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. എന്നാൽ ഇപ്രകാരം സബ്സിഡി നൽകുന്നത് തടഞ്ഞുകൊണ്ടുള്ള 5-4-1999-ലെ സർക്കാർ ഉത്തരവ് നമ്പർ 20/99/പി.എൽ.ജി. ഉദ്ധരിച്ചുകൊണ്ട് ഈ പദ്ധതി ജില്ലാ വികസന സമിതിയുടെ പരിശോധനയ്ക്കായി സമർപ്പിക്കുന്നു എന്നും ഫയലിൽ രേഖപ്പെടു ത്തിയിട്ടുണ്ട് എന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

9. ഇപ്രകാരം സബ്സിഡി നൽകുന്നതിനെ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം സമിതി ആരാഞ്ഞു. സബ്സിഡി കൊടുക്കണമോ വേണ്ടയോ എന്നുള്ള തീരുമാനം വ്യവസായ വകുപ്പിന്റെ പരിധിയിൽ വരുന്നതാണെന്നും പേയ്മെന്റ് ആരാണോ നടത്തിയത് അവരാണ് വൗച്ചറുകളും മറ്റ് വിശദാംശങ്ങളും സൂക്ഷിക്കേ ണ്ടതെന്നും ഉന്നതതല തീരുമാനത്തിന്മേൽ ഫണ്ട് ട്രാൻസ്ഫർ ചെയ്ത് സാധനം വാങ്ങുന്നതിന് അധികാരപ്പെടുത്തുന്ന അവസരങ്ങളിൽ എവിടെയാണോ പർച്ചേയ്സ് നടന്നത് അവിടെനിന്നും ഫണ്ട് ട്രാൻസ്ഫർ നടത്തിയ അധികാരി രേഖകൾ വാങ്ങി സൂക്ഷിക്കണമെന്നുമാണ് നിബന്ധനയെന്നും ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെയും ഖാദി ബോർഡിലെയും രേഖകൾ പരിശോധിച്ചതിനുശേഷം തീരുമാനം കൈക്കൊള്ളുന്നതാണ് ഉചിതമെന്നും ധനകാര്യ വകുപ്പ് പ്രതിനിധി സമിതിയെ അറിയിച്ചു.

10. ധനകാര്യ വകുപ്പ് പ്രതിനിധിയുടെ അഭിപ്രായാനുസരണം ഖാദി ബോർഡിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും കൈവശമുള്ള ബന്ധപ്പെട്ട ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൈമാറണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോടും ടി ഫയലുകൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ടു നൽകണമെന്നുമുള്ള സമിതിയുടെ നിർദ്ദേശമനുസരിച്ച് ആവശ്യമായ പരിശോധന നടത്തി 15-1-2008-ലെ എൽ.എഫ്. 20846/സ്പെൽ.സെൽ.ജി3/07 നമ്പർ കത്തുമുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ വിവരങ്ങൾ താഴെ പറയും പ്രകാരമാണ് :—

11. "കോട്ടയോടി കേന്ദ്രത്തിൽ ചർക്ക ഇറക്കി വയ്ക്കാൻ സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാലാണ് അടുത്ത സ്ഥലമായ കണ്ണവം ആർ.ടി.സി.യിൽ ഇറക്കിവെച്ചത് എന്നും പ്രസ്തുത ചർക്കകൾ കോട്ടയോടി കേന്ദ്രത്തിലേക്ക് മാറ്റിയിട്ടുണ്ട് എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ കോട്ടയോടി കേന്ദ്രത്തിൽ സ്ഥലസൗകര്യം ഇല്ലാത്തതിനാലാണ് കണ്ണവം ആർ.ടി.സി. കോളനി കേന്ദ്രത്തിൽ ചർക്ക ഇറക്കി വച്ചത് എന്ന വിശദീകരണം തൃപ്തികരമല്ല. കണ്ണവം കേന്ദ്രത്തിൽ ഇറക്കിവച്ച 100 ചർക്കകളിൽ 25 എണ്ണവും കണ്ണവം ആർ.ടി.സി. കേന്ദ്രത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നമ്പർ 27-ൽ ചേർത്തതായി പ്രസ്തുത കേന്ദ്രത്തിലെ അംബർ ഇൻസ്ട്രക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

12. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം 20,000 രൂപയിൽ കൂടുതൽ വരുന്ന വാങ്ങലുകൾക്ക് ടെൻഡർ ക്ഷണിക്കേണ്ടതാണ്. കൂത്തുപറമ്പ് ബ്ലോക്കിന്റെ 1999-2000-ലെ പ്രോജക്ട് നമ്പർ. 130/99-2000 പ്രകാരം 8 സ്പിൻഡിലിന്റെ 100 ചർക്കകൾ വാങ്ങിച്ചതിന് പയ്യന്നൂർ ഖാദി കേന്ദ്രം ടെൻഡറിനു പകരം 19-2-2000-ൽ ക്വട്ടേഷൻ ക്ഷണിക്കുകയാണുണ്ടായത്. ബ്ലോക്ക് പഞ്ചായത്തിനുവേണ്ടി നിർവഹണോദ്യോഗ സ്ഥനായ വ്യവസായ വികസന ഓഫീസർ 5.25 ലക്ഷം രൂപയുടെ ചെക്ക് പയ്യന്നൂർ ഖാദി കേന്ദ്രത്തിന് 30-3-2000-ൽ നൽകിയിട്ടുണ്ട്. 5 സ്ഥാപനങ്ങൾ ക്വട്ടേഷൻ കൊടുത്തതിൽ ഖാദി സരഞ്ജൻ കാര്യാലയം, അഹമ്മദാബാദ് എന്ന സ്ഥാപനത്തിൽ നിന്ന് നെഗോഷ്യേറ്റ് ചെയ്ത് ചർക്ക 1-ന് 5,250 രൂപ പ്രകാരം 100 ചർക്കകൾ വാങ്ങിച്ചിട്ടുണ്ട്.

13. ഖാദി സരഞ്ജൻ കാര്യാലയത്തിന്റെ ആകെ ബിൽ തുകയായ 5,51,579 രൂപ നൽകിയിട്ടുണ്ടെങ്കിലും 3,00,000 രൂപയുടെ രശീതി മാത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്.

14. ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചർക്കകൾ കൈപ്പറ്റിയ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വച്ചതായി രേഖകൾ ഇല്ല. ഇക്കാരണത്താൽ ചർക്കകളുടെ ഉടമസ്ഥാവകാശം കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിനാണ് എന്ന് തെളിയിക്കാൻ സാധിക്കുകയില്ല. പ്ലാറ്റ്ഫോമുകളും സ്റ്റാൻഡുകളും ചർക്കകൾ കൊണ്ടുവരാൻ (പാക്കിംഗ് ആവശ്യത്തിന്) ഉപയോഗിക്കുന്ന താണെന്നും വളരെ കടുപ്പം കുറഞ്ഞ മരംകൊണ്ട് ഉണ്ടാക്കപ്പെട്ട ഇവ മറ്റ് ഉപയോഗത്തിന് പറ്റാത്തതാണെന്നും ഇവ താല്ക്കാലികമായി നൂൽ വയ്ക്കാൻ ചർക്ക വിതരണം ചെയ്ത യൂണിറ്റുകളിൽ ഉപയോഗിച്ചിരുന്നതായും വ്യക്തമാക്കിയിട്ടുണ്ട്.

ഫ്രെയിറ്റ് ചാർജ്, ഇൻഷുറൻസ് ചാർജ് എന്നിവ സപ്ലൈ ചെയ്ത സ്ഥാപനംതന്നെ നൽകുകയും പ്രസ്തുത തുക അടക്കമുള്ള തുകയാണ് ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുള്ളതും ചരക്ക് കടത്ത് കൂലി ഇനത്തിലുള്ള 21,000 രൂപയുടെ പ്രീമിയർ റോഡ്‍വെയ്സ് കോർപ്പറേഷന്റെ രശീതിയും ഇൻഷ്വർ ചെയ്ത വകയിലുള്ള 3,479 രൂപയുടെ രശീതിയും പരിശോധനയ്ക്ക് ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

15. 1996-ലെ അഖിലേന്ത്യാ കോസ്റ്റ് ചാർട്ട് പ്രകാരം 5,307 രൂപയാണ് ചർക്ക 1-ന് വില എന്നതിനാൽ 5,250 രൂപ പ്രകാരം 100 ചർക്കകൾ വാങ്ങിച്ചതിൽ നഷ്ടം സംഭവിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. പദ്ധതി വിഹിതമായി നൽകിയ 5.25 ലക്ഷം രൂപ കഴിച്ച് അധികം വന്ന തുക പയ്യന്നൂർ ഖാദി കേന്ദ്രമാണ് വഹിച്ചത്.

16. കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടായ ഖാദി ഉല്പാദന കേന്ദ്രത്തിലെ ചർക്കകൾ നവീകരിക്കാൻ ആകെ അടങ്കൽ തുക 5,25,000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതേ തുകയ്ക്ക് തന്നെയാണ് ഭരണാനുമതിയും നൽകിയിട്ടുള്ളത്. അതായത് പ്രോജക്ടിന്റെ ആകെ ചെലവ് തുകയും പദ്ധതിയും വിഹിതത്തിൽനിന്നുതന്നെ വകയിരുത്തി ഇങ്ങനെ 100% സബ്സിഡിയായി പ്രോജക്ട് നടപ്പാക്കുന്നത് 5-4-1999-ലെ ജി.ഒ.(എംഎസ്.) നമ്പർ 20/99/പ്ലാനിംഗ് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന് ഫയലിൽ നിർവഹണോദ്യോഗസ്ഥൻ വിയോജന കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്."

## നിഗമനങ്ങളും/ശുപാർശകളും

17. കൂത്തുപറമ്പ് ബ്ലോക്കിൽ 5.25 ലക്ഷം രൂപയുടെ ചർക്ക വാങ്ങിയതിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഓഡിറ്റിനുള്ള രേഖകൾ എല്ലാം തയ്യാറാണെന്നറിയിക്കുകയും പരിശോധനാവേളയിൽ അവയൊന്നും നല്കാതിരിക്കുകയും ചെയ്തത് നിരുത്തരവാദപരമായ നടപടിയാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

18. ചർക്കകൾ വാങ്ങുന്നതിന് പയ്യന്നൂർ ഖാദി സെന്റർ ഡയറക്ടറെ ചുമതലപ്പെടുത്തിയതിലും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ വാങ്ങിയ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്യാത്ത ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. പ്ലാൻ ഫണ്ട് ചെലവാക്കുന്നതിന് വ്യവസ്ഥകളുണ്ടെന്നും അതനുസരിച്ചേ പ്രവർത്തിക്കാൻ പാടുള്ളൂവെന്നും അത് ഉദ്യോഗസ്ഥരാണ് നോക്കേണ്ടതെന്നും ബ്ലോക്കിന്റെ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സാധനങ്ങളുടെ രേഖകളും സ്റ്റോക്കും ബ്ലോക്കിലാണ് സൂക്ഷിക്കേണ്ടതെന്നും, അത് ബ്ലോക്കിന്റെ അസറ്റാണെന്നും സമിതി അഭിപ്രായപ്പെട്ടു.

19. മുഴുവൻ തുകയും സബ്സിഡിയായി കൊടുക്കാൻ പാടില്ലെന്ന് 5-4-1999-ലെ ഗവൺമെന്റ് ഉത്തരവ് നിലനിൽക്കെ തുക സബ്സിഡിയായി നൽകിയ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി നിയമവിരുദ്ധമാണെന്ന് സമിതി വിലയിരുത്തുകയും ഇതിന് സെക്രട്ടറിയാണ് ഉത്തരവാദിയെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

20. പ്ലാൻ ഫണ്ടിൽനിന്നും നടപ്പാക്കുന്ന പദ്ധതികൾക്ക് 100% സബ്സിഡി നൽകുന്നത് വിലക്കിക്കൊണ്ട് പ്ലാനിംഗ് വകുപ്പിന്റെ 5-4-1999-ലെ ഉത്തരവ് നിലനിൽക്കെ 100% സബ്സിഡിയോടെ പയ്യന്നൂരിലെ ഖാദി സെന്ററുകളിൽ നവീകരണ പദ്ധതി നടപ്പാക്കിയ കൂത്തുപറമ്പ് ബ്ലോക്കിന്റെ നടപടി സർക്കാർ ഉത്തരവിന്റെ നഗ്നമായ ലംഘനമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇപ്രകാരം 100% സബ്സിഡി നൽകുന്നത് ക്രമപ്രകാരമല്ല എന്ന് നിർവഹണോദ്യോഗസ്ഥൻ ഫയലിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം 100% സബ്സിഡി നൽകി പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ച ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയാണ് ഇക്കാര്യത്തിൽ ഉത്തരവാദിയെന്നും സമിതി വിലയിരുത്തുന്നു.

21. ഇപ്രകാരം 100% സബ്സിഡി നൽകിയതിന് ഗവൺമെന്റിൽനിന്നും സാധൂകരണം വാങ്ങിയിട്ടില്ലെങ്കിൽ ഗവൺമെന്റ് ഉത്തരവ് ലംഘിച്ച് സബ്സിഡി നൽകാൻ തീരുമാനിച്ച ബ്ലോക്ക് പഞ്ചായത്തു സമിതിയുടെയും പഞ്ചായത്തു സെക്രട്ടറിയുടെയും പേരിൽ ഉത്തരവാദിത്വം നിശ്ചയിച്ച് മേലിൽ ഇപ്രകാരം ആവർത്തിക്കരുതെന്ന് നിർദ്ദേശം നൽകുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽനിന്നും 100% സബ്സിഡി നൽകി വാങ്ങിയ സാധനങ്ങൾ ബ്ലോക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ സാധനങ്ങൾ വാങ്ങിയതിന്റെ രസീത് ബ്ലോക്കിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ലെന്നത് സംഗതികളുടെ ഗൗരവം വർദ്ധിപ്പിക്കുന്നു. പദ്ധതി നടത്തിപ്പു പരിശോധിച്ചാൽ ബ്ലോക്കിന്റെ പ്ലാൻ ഫണ്ടിൽനിന്നും പണം ഖാദി കേന്ദ്രത്തിനു സംഭാവനയായി നൽകുകയും അതുപയോഗിച്ച് ഖാദി കേന്ദ്രം തങ്ങൾക്കാവശ്യമായ നവീകരണ പ്രവർത്തികൾ നിർവ്വഹിക്കുകയായിരുന്നുവെന്നും മനസ്സിലാകും. ബ്ലോക്കിന്റെ പദ്ധതിയനുസരിച്ച് നവീകരണത്തിനുദ്ദേശിച്ചിരുന്ന കോട്ടയോടി കേന്ദ്രത്തിനുവേണ്ടി വാങ്ങിയ 25 ചർക്കകൾ അവർക്കു നൽകാതെ പ്രോജക്ട് റിപ്പോർട്ടിൽ വിഭാവനം ചെയ്തതിനു വിരുദ്ധമായി ഖാദി കേന്ദ്ര ഡയറക്ടർ അവ കണ്ണവം കേന്ദ്രത്തിനു കൈമാറി എന്ന വസ്തുത പരിഗണിക്കുമ്പോൾ പ്രോജക്ട് തന്നെ ഫലപ്രാപ്തി യിലെത്തിയില്ലെന്നു വേണം കരുതാൻ. ആയതിനാൽ പ്രോജക്ട് റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ച് കണ്ണവം കേന്ദ്രത്തിന് ചർക്കകൾ നൽകാനുള്ള തീരുമാനത്തിന് സാധൂകരണം നൽകിയിരുന്നോ എന്നതു സംബന്ധിച്ച് സമിതിക്ക് വിശദീകരണം നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു. സാധൂകരണം നൽകിയിട്ടില്ലെങ്കിൽ കണ്ണവം കേന്ദ്രത്തിന് നൽകിയ ചർക്കകളുടെ വില പയ്യന്നൂർ ഖാദി കേന്ദ്രത്തിൽനിന്നും തിരികെ ഈടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

23. ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ചർക്കകൾ ബ്ലോക്കിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തണമെന്നും ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ഖാദി കേന്ദ്രത്തിൽനിന്നും വാങ്ങി സൂക്ഷിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. അതുപോലെതന്നെ ചർക്കകൾ വാങ്ങിയതിന്റെ ആകെ ബിൽ തുകയായ 5,51,579 രൂപയിൽ 3,00,000 രൂപയ്ക്കുള്ള ബില്ലു മാത്രമേ ഫയലിൽ ലഭ്യമായുള്ളൂ എന്നു സമിതി മനസ്സിലാക്കുന്നു. 5,25,000രൂപ നൽകിയതിൽ ബാക്കി 2,25,000 രൂപയുടെ വിനിയോഗം സംബന്ധിച്ചുള്ള രേഖകൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല എന്നതും

ഗൗരവമായ വസ്തുതയാണ്. ആകയാൽ ഈ പദ്ധതി നടത്തിപ്പു സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി, ഖാദി കേന്ദ്രത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിലെയും ഫയലുകൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ടു നൽകണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

ഓഡിറ്റ് ഖണ്ഡിക

**പാർട്ട് ബിൽ തുക—അധികം നൽകിയത് അനുവദിക്കുന്നില്ല**

നബാർഡ് സ്കീം പ്രകാരമുള്ള മൂന്നാം പീടിക-വട്ടിപ്രം റോഡ് പ്രവൃത്തിയുടെ കൺവീനർക്ക് 31-7-1999-ൽ പാർട്ട് ബിൽ തുകയായി 4,46,569 രൂപ നൽകി. ടി പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ള എം. ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പാർട്ട് ബിൽ പ്രകാരമുള്ള പ്രവൃത്തിയുടെ മൂല്യത്തിൽനിന്നും മുൻകൂർ കൊടുത്ത 50,000 രൂപ കിഴിച്ചിട്ടാണ് 4,46,569 രൂപ നൽകിയിരിക്കുന്നത്. എന്നാൽ ഇതിൽനിന്നും 31-3-1999-ന് നൽകിയ സെക്യേർഡ് അഡ്വാൻസ് 3,00,000 രൂപയും കിഴിക്കേണ്ടതായിരുന്നു. അഥവാ സെക്യേർഡ് അഡ്വാൻസ് കുറച്ചില്ലെങ്കിൽ തന്നെയും 1,96,569 രൂപ മാത്രമേ കൺവീനർക്ക് കൊടുക്കേണ്ടിയിരുന്നുള്ളൂ. (4,96,569–3,00,000). ആയതിനു പകരം 4,46,569 രൂപ നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 2,50,000 രൂപയുടെ നഷ്ടമുണ്ടായി. ഇത് പലിശയുൾപ്പെടെ ഉത്തരവാദികളിൽ നിന്നും ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്—ഖണ്ഡിക നമ്പർ VII.13(4) (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2007-ലെ 66277/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :—

24. "നബാർഡ്-ആർ.ഐ.ഡി.എഫ്-III-ഉൾപ്പെടുത്തി എടുത്ത മൂന്നാം പീടിക-വട്ടിപ്രം മാണിക്കോത്ത്-കണ്ടേരി റോഡ് പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. അന്തിമ ബിൽ പ്രകാരം 49.04 ലക്ഷം രൂപയാണ്. എന്നാൽ ഈ പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനർക്ക് 44.14 ലക്ഷം രൂപയേ അനുവദിച്ചിട്ടുള്ളൂ. 4.64 ലക്ഷം രൂപ അനുവദിക്കാനുണ്ട്. പാർട്ട് ബില്ലിൽനിന്ന് മുഴുവൻ തുകയും കുറവ് ചെയ്താൽ തുടർ പ്രവൃത്തി ഗുണഭോക്തൃ സമിതിക്ക് നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ വിഷമം നേരിടും എന്നു ബോദ്ധ്യപ്പെട്ടതിനാലാണ് കുറയ്ക്കാതിരുന്നത്."

25. പാർട്ട് ബിൽ തുക അധികം നൽകിയത് അനുവദിക്കുന്നില്ലെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണമാരാഞ്ഞു. ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടില്ലെന്നും 4.64 ലക്ഷം രൂപകൂടി കൊടുക്കാനുണ്ടെന്നും നബാർഡിൽനിന്നും റീഇംബേഴ്സ്മെന്റ് ലഭിക്കാത്തതിനാലാണ് ഫൈനൽ ബിൽ തീർപ്പാക്കാത്തതെന്നും കൂത്തുപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

26. 4,96,569 രൂപയുടെ ബില്ലിൽ 50,000 രൂപ കഴിച്ച് 4,46,549 രൂപയാണ് കൺവീനർക്ക് നൽകിയിരിക്കുന്നതെന്നും അതിൽത്തന്നെ സെക്യേർഡ് അഡ്വാൻസായി മൂന്നുലക്ഷം രൂപ കൊടുത്തിട്ടുള്ളത് തിരിച്ചു പിടിച്ചിട്ടില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

അഡ്വാൻസ് തുക, പണി പുരോഗമിക്കുന്നതനുസരിച്ച് റിക്കവറി നടത്തേണ്ടതായിരുന്നെന്നും ഇനി കൊടുക്കാനുള്ള തുകയിൽ നിന്ന് തട്ടിക്കിഴിക്കാമെന്നും എം. ബുക്ക് നോക്കി പ്രവൃത്തിമൂല്യം നിർണ്ണയിച്ച് എത്ര രൂപ ബാക്കി വരുമെന്ന് പരിശോധിക്കാമെന്നും റൂറൽ ഡവലെപ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

27. 2002-ൽ പണി പൂർത്തിയായതായി ഫയലിൽ കാണുന്നുണ്ടെന്നും നബാർഡ് ഈ പദ്ധതി അവസാനിപ്പിച്ചതാണെന്നും അതിനാൽ റീഇംബേഴ്സ്മെന്റ് ലഭിക്കയില്ലെന്നും കൺവീനർക്ക് ഇനി കൊടുക്കേണ്ട തുക എത്രയാണെന്നുള്ളത് നോക്കിയതിനുശേഷം മുൻകൂറായി കൈപ്പറ്റിയ മൂന്നുലക്ഷം രൂപ അതിൽനിന്നും കുറച്ച് ബാക്കി വരുന്ന സംഖ്യ പ്ലാൻ ഫണ്ടിൽനിന്നും നൽകേണ്ടിവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിശദീകരണം തൃപ്തികരമാകാത്തതിനാൽ ബന്ധപ്പെട്ട ഫയലും മറ്റു അനുബന്ധ രേഖകളും മെഷർമെന്റ് ബുക്കും പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോടും അവ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോടും സമിതി ആവശ്യപ്പെട്ടു.

28. സമിതി നിർദ്ദേശമനുസരിച്ച് പ്രസ്തുത പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽനിന്നും 15-1-2008-ലെ എൽ.എഫ്.എ./20846/ സ്പെഷ്യൽ സെൽ ജി.3/07 നമ്പർ കത്തുപ്രകാരം ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു :-

29. "കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച മൂന്നാം പീടിക-വട്ടിപ്രം-മാണിക്കോത്ത്-കണ്ടേരി റോഡ് പ്രവർത്തിയുമായി ബന്ധപ്പെട്ട ഫയൽ നേരത്തെ പ്രാദേശിക പരിശോധന നടത്തിയതാണ്. എൽ.എഫ്.ഡി. 4-1426/07, 10-10-2007 അനുസരിച്ച് മെഷർമെന്റ് ബുക്ക് പ്രകാരം (3/2000-01) പ്രവർത്തിയുടെ ആകെ മൂല്യം 47,39,916 രൂപയും വില്പന നികുതി 99,538 രൂപ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി 47,399 രൂപ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് 26,400 രൂപ എന്നിവ ഉൾപ്പെടെ ആകെ മൂല്യം 49,13,253 രൂപയും കൺവീനർക്ക് അനുവദിക്കാവുന്ന തുക 43,14,872 രൂപയും കൺവീനർക്ക് അനുവദിച്ച തുക 41,47,689 രൂപയുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രവർത്തിയുടെ അവസാന ബിൽ തുകകൾപോലും നൽകിയിട്ടില്ല. ഡി.എൽ.ടി.സി. അംഗീകരിച്ച പുതുക്കിയ സാങ്കേതികാനുമതി തുകയായ 49,13,253 രൂപ കണക്കാക്കിയിട്ടുള്ളത് താഴെ കാണിച്ച പ്രകാരമാണ്.

| | | |
|---|---|---|
| ആകെ പ്രവർത്തിമൂല്യം | .. | 47,39,915 |
| വില്പന നികുതി 2.1% | .. | 99,538 |
| ക്ഷേമനിധി വിഹിതം 1% | .. | 47,399 |
| ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | .. | 26,400 |
| ആകെ | .. | 49,13,253 |

30. രജിസ്റ്റർ ചെയ്ത കരാറുകാരിൽ നിന്നും കൺവീനർമാരുടെ പ്രവർത്തികൾക്കും 5.6% വില്പന നികുതിയും 15% സർചാർജും ഈടാക്കേണ്ടതുണ്ട്.

എന്നാൽ പുതുക്കിയ സാങ്കേതികാനുമതിയിലും (കംപാരറ്റീവ് സ്റ്റേറ്റുമെന്റ്) ബിൽ തുക കണക്കാക്കുന്നതിലും 2.1% മാത്രമാണ് വില്പന നികുതി കണക്കാക്കിയിട്ടുള്ളത്. ഇക്കാര്യം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

31. പാർട്ട് ബില്ലിൽ നിന്നും മുഴുവൻ തുകയും കുറവ് ചെയ്താൽ തുടർ പ്രവർത്തി ഗുണഭോക്തൃ സമിതിക്ക് നിശ്ചിത കാലാവധിക്കകം പൂർത്തിയാക്കാൻ വിഷമം നേരിടും എന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് കുറയ്ക്കാതിരുന്നത് എന്നത് യുക്തിസഹമായ മറുപടി അല്ല. ഓഡിറ്റ് തടസ്സത്തിൽതന്നെ മൊബിലൈസേഷൻ അഡ്വാൻസ് കുറവ് ചെയ്തില്ലെങ്കിൽതന്നെയും സെക്വേർഡ് അഡ്വാൻസായി നൽകിയ തുക കുറവ് ചെയ്യാത്തതുവഴി കൺവീനർക്ക് 2,50,000 രൂപ അനർഹമായി നല്കി എന്നാണ് പരാമർശിച്ചിട്ടുള്ളത്. പ്രവർത്തിക്കായി വാങ്ങി സൂക്ഷിച്ച സാധന സാമഗ്രികളുടെ വില കണക്കാക്കിയാണ് സെക്വേർഡ് അഡ്വാൻസ് നൽകിയിട്ടുള്ളത്. പ്രസ്തുത സാധനസാമഗ്രികൾ ഉപയോഗിച്ച് നടത്തിയ പ്രവർത്തി മൂല്യനിർണ്ണയം നടത്തിയാണ് പാർട്ട് ബിൽ അനുവദിച്ചിട്ടുള്ളത്. അതിനാൽ തന്നെ അനർഹമായി കൺവീനർക്ക് ലഭിക്കാനിടയായ 2,50,000 രൂപയുടെ പലിശ കൺവീനറിൽ നിന്നും ഈടാക്കാൻ നിർദ്ദേശിക്കാവുന്നതാണ്. പ്രവർത്തിയുടെ അന്തിമ ബിൽ തുക ഇതുവരെയും നൽകിയിട്ടില്ല.

## നിഗമനങ്ങളും/ശുപാർശകളും

32. നബാർഡ് സ്കീം പ്രകാരം നടത്തിയ മൂന്നാം പീടിക-വട്ടിപ്രം റോഡു പണിയിൽ 5.6% വില്പന നികുതിയും 15% സർചാർജ്ജും ഈടാക്കണമെന്നിരിക്കേ പുതുക്കിയ സാങ്കേതികാനുമതിയിലും ബിൽ തുക കണക്കാക്കുന്നതിലും 2.1% നിരക്കിൽ മാത്രം വിൽപ്പന നികുതി കണക്കാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് പരിശോധിക്കുകയും നിലവിലുള്ള നിരക്കിൽ വില്പന നികുതി ഈടാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വിൽപ്പന നികുതി ഈടാക്കിയത് സംബന്ധിച്ച വിശദ വിവരങ്ങൾ സമിതിക്ക് നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു.

32 (a) ടി പദ്ധതിക്കായി കൺവീനർക്ക് നൽകിയ സെക്വേർഡ് അഡ്വാൻസായ 2,50,000 രൂപ അന്തിമ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടുണ്ടോയെന്നും സമിതിയെ അറിയിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. സെക്വേർഡ് അഡ്വാൻസായി നൽകിയ 2,50,000 രൂപ ഉപയോഗിച്ചാണ് പണിക്കായുള്ള സാധന സാമഗ്രികൾ വാങ്ങിയതെന്നതിനാലും ഈ സാധനങ്ങൾ ഉപയോഗിച്ചു നടത്തിയ പ്രവൃത്തി മൂല്യനിർണ്ണയം നടത്തിയാണ് പാർട്ട് ബിൽ അനുവദിച്ചിട്ടുള്ളത് എന്നതിനാലും സെക്വേർഡ് അഡ്വാൻസ് നൽകിയ 7/99 മുതൽ പ്രവൃത്തി പൂർത്തിയാക്കിയതായി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അവസാന ബിൽ തയ്യാറാക്കുന്ന തീയതി വരെ പ്രസ്തുത തുകയ്ക്കുള്ള പലിശ കണക്കാക്കി കൺവീനറിൽ നിന്നും ഈടാക്കി വിശദ വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## II. ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നിർവ്വഹണ ഉദ്യോഗസ്ഥൻ അനധികൃതമായി പണം കൈവശം സൂക്ഷിച്ചു**

1999-2000 വർഷത്തെ ഹാച്ചറി പ്രോജക്ടുകളുടെ സീഡ് മണി ഇനത്തിലെ 1,50,000 രൂപ ഹാച്ചറിയുടെ ചുമതലയുള്ള സീനിയർ വെറ്ററിനറി സർജന് അനുവദിച്ചു. 25,000 രൂപ പണമായും, 1,25,000 രൂപ ചെക്കു മുഖേനയുമാണ് നൽകിയത്. 25,000 രൂപ പണമായിത്തന്നെ കൈവശം വച്ച് ചെലവഴിക്കുകയും 1,25,000 രൂപ മുൻവർഷം നിലവിലുണ്ടായിരുന്ന പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് വരവു വച്ച് അതിൽ നിന്ന് സെൽഫ് ചെക്കു മുഖേന മുഴുവൻ തുക പിൻവലിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ടി തുകയുടെ ചെലവുകളുടെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ, വെറ്ററിനറി സർജൻ പഞ്ചായത്ത് ഫണ്ട് അനധികൃതമായി പിൻവലിച്ച് കൈവശം സൂക്ഷിച്ചിരുന്നതായി ബോദ്ധ്യപ്പെട്ടു. 16-3-2000-ൽ ലഭിച്ച 25,000 രൂപ പണമായി കൈവശം ഉള്ളപ്പോൾ 3,456 രൂപ മാത്രമാണ് പ്രസ്തുത തീയതിയിലെ ചെലവ്. 22-3-2000-ൽ 30,000 രൂപ കൂടി പിൻവലിക്കുകയും കയ്യിരിപ്പ് 51,544 രൂപയായി വർദ്ധിക്കുകയും ചെയ്തു. 26-3-2000 വരെ 49,295 രൂപയാണ് ചെലവ്. 28-3-2000-ൽ വീണ്ടും 50,000 രൂപ പിൻവലിച്ച് കൈവശം വച്ചു. ഇതിൽ നിന്നും 8,996 രൂപ മാത്രമാണ് 29-3-2000 വരെ ചെലവുള്ളത്. 29-3-2000-ൽ കോഴിക്കുഞ്ഞുങ്ങളെ വാങ്ങുവാൻ മുൻകൂറായി ലഭിച്ച 900 രൂപ ഉൾപ്പെടെ 44,153 രൂപ പ്രസ്തുത വ്യക്തിയുടെ കൈവശമുള്ളപ്പോൾ 31-3-2000-ൽ വീണ്ടും 45,000 രൂപകൂടി പിൻവലിച്ച് കൈവശം സൂക്ഷിച്ചു. ഇത് നിലവിലുള്ള ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനവും അതീവ ഗുരുതരമായ സാമ്പത്തിക ക്രമക്കേടും ദുർവിനിയോഗവുമാണ്.

വെറ്ററിനറി സർജന് 1,25,000 രൂപ അനുവദിച്ചു നൽകിയതിന്റെ അലോട്ട്മെന്റ് ലറ്റർ, തുക ചെലവഴിക്കാൻ അധികാരപ്പെടുത്തുന്ന ഓതറൈസേഷൻ ലറ്റർ എന്നിവയൊന്നും കൂടാതെയാണ് ടി കാര്യങ്ങൾ നടന്നിരിക്കുന്നത്. ഈ ഇടപാടിന്റെ പിൻ പ്രവൃത്തികൾ അന്വേഷണ വിധേയമാക്കേണ്ടതാണ്. കൂടാതെ ഈ പദ്ധതിയുടെ ഒരു ഘട്ടത്തിലും ആവശ്യമായ മേൽനോട്ടമോ നിയന്ത്രണമോ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

ക്രിയാത്മകമായ പദ്ധതികൾക്കുവേണ്ടി ചെലവഴിക്കപ്പെടേണ്ട പൊതുപണം വ്യക്തി താൽപ്പര്യങ്ങൾക്കുവേണ്ടി അനധികൃതമായി വിനിയോഗിക്കുന്നത് തികച്ചും ശിക്ഷാർഹമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്— ഖണ്ഡിക നമ്പർ VII.13(12) (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2007-ലെ 66277/എ.ബി1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :—

33. "ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ഹാച്ചറിയുടെ കെട്ടിട നിർമ്മാണം, വയറിംഗ്, ടെലഫോൺ സൗകര്യം, ഉപകരണങ്ങളുടെ വില, നിർവ്വഹണ ഉദ്യോഗസ്ഥനായ

സീനിയർ വെറ്ററിനറി സർജന് നൽകിയ സീഡ് മണി തുടങ്ങി എല്ലായിനങ്ങളിലുംകൂടി 12,97,939 രൂപ ചെലവ് വന്നിട്ടുണ്ട്. അതിൽ സീനിയർ വെറ്ററിനറി സർജന് സീഡ് മണിയായി 1,50,000 രൂപ നൽകിയിട്ടുണ്ട്.

34. സീനിയർ വെറ്ററിനറി സർജൻ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥനും ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറും, പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ചുമതലപ്പെടുത്താവുന്ന ഉദ്യോഗസ്ഥനുമാണ്.

35. ഹാച്ചറിയുടെ ദൈനംദിന പ്രവർത്തനത്തിന്റെ തുടക്കം എന്ന നിലയിൽ പ്രവർത്തനത്തിലേക്കായി 25,000 രൂപ സെക്രട്ടറി സെൽഫ് ചെക്ക് മുഖേന പിൻവലിച്ച് ക്യാഷായും, 1,25,000 രൂപ ചെക്ക് മുഖേനയും നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജന് നൽകുകയാണുണ്ടായത്. ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാച്ചറി പ്രവർത്തനവുമായി ബന്ധപ്പെട്ട് ആരംഭിച്ച പ്ലാൻ പി.ഡി. അക്കൗണ്ടിൽ 1,25,000 രൂപ നിക്ഷേപിക്കുകയും യഥേഷ്ടം പിൻവലിക്കുകയും കൈവശം വയ്ക്കുകയും ചെയ്തു എന്നുള്ളത് ശരിയാണ്. ഇത് സംബന്ധിച്ച് മുഴുവൻ രേഖകളും സൂക്ഷിച്ചിരുന്നത് സീനിയർ വെറ്ററിനറി സർജനായിരുന്നു. ഇത് സംബന്ധിച്ച് ഡോക്ടറുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഏതാനും രശീതികളും വൗച്ചറുകളും മാത്രമാണ് ഡോക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് മുമ്പാകെ ഹാജരാക്കിയിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് ഡോക്ടർക്ക് അയച്ചുകൊടുക്കുകയും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായെങ്കിലും ഒരു മറുപടിയോ വിശദീകരണമോ നൽകാൻ ഡോക്ടർ തയ്യാറായിട്ടില്ല. ഇതിനെ തുടർന്ന് ഹാച്ചറിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സീനിയർ വെറ്ററിനറി സർജന്റെ ഭാഗത്ത് സാമ്പത്തിക ക്രമക്കേട് ഉണ്ടായിട്ടുണ്ടെന്നും അതിനാൽ ഡോക്ടർക്ക് ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകരുതെന്നും അഭ്യർത്ഥിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് കത്തയക്കുകയും ചെയ്തിട്ടുണ്ട്.

36. വെറ്ററിനറി സർജന് 1,25,000 രൂപ സെക്രട്ടറിയുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേനയാണ് നൽകിയിരുന്നത്. അന്ന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അലോട്ട്മെന്റ് ലറ്റർ നൽകുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25,000 രൂപയും, 1,25,000 രൂപയുടെ ചെക്ക് നൽകുകയുമാണ് ചെയ്തത്. പ്രാരംഭഘട്ടമെന്ന നിലയിൽ ഹാച്ചറിയുടെ പ്രവർത്തനത്തിനാവശ്യമായ മുട്ട, മറ്റ് സാധനങ്ങൾ എന്നിവ വാങ്ങുന്നതിനും, അത്യാവശ്യ ചെലവുകൾ നിർവ്വഹിക്കുന്നതിനുമാവശ്യമായ തുകയാണ് നൽകിയത്. തുക ചെലവഴിക്കുന്നതിന് ഓതറൈസേഷൻ ലറ്റർ പ്രസിഡന്റ് നൽകുന്ന നടപടിക്രമം അന്നുണ്ടായിരുന്നില്ല. ഹാച്ചറിയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളടങ്ങിയ ഒരു സബ് കമ്മിറ്റി രൂപീകരിച്ചിരുന്നു. ആവശ്യമായ വൗച്ചറുകളും രേഖകളും ഓഡിറ്റിനായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടപ്പോഴാണ് സീനിയർ വെറ്ററിനറി സർജന്റെ ഭാഗത്തുണ്ടായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടത്. നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജൻ ഉത്തരവാദപ്പെട്ട ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻ ആയതിനാലാണ് ഹാച്ചറിയുടെ പ്രവർത്തനമാരംഭിച്ച ഉടനെതന്നെ ഇക്കാര്യത്തിൽ നിയന്ത്രണം വരുത്തിയിരുന്നത്.”

**ഓഡിറ്റ് ഖണ്ഡിക**

ഹാച്ചറി വരവ് ചെലവിൽ ദുരൂഹത

ഹാച്ചറി യൂണിറ്റിന്റെ വരവ് ചെലവുകളിൽ ദുരൂഹത. കൃത്യമായ രേഖകളാൽ വരവ് ചെലവുകൾ സാധൂകരിച്ചിട്ടില്ല.

യൂണിറ്റിന്റെ പേരിൽ രസീത് അച്ചടിച്ചായിരുന്നു പിരിവ്. ക്യാഷ് ബുക്കിൽ വരവ് എഴുതിയിട്ടുണ്ട്. എന്നാൽ ട്രഷറി ഒടുക്ക് വിവരം ലഭ്യമല്ല.

ഓഫീസ്/കണ്ടിൻജന്റ് ചെലവുകൾക്ക് വരവ് തുക ആവശ്യാനുസരണം ചെലവെഴു തിയിരിക്കുന്നു. വ്യക്തമായ ചെലവ് രേഖയില്ല. ഹാച്ചറിയിലേക്ക് മുട്ട വാങ്ങിയതിന് ചെലവുണ്ടെങ്കിലും സ്റ്റോക്ക് രേഖകൾ ഹാജരാക്കിയിട്ടില്ല. കോഴിക്കുഞ്ഞുങ്ങളെ വിറ്റ വരുമാനത്തിനും രേഖയില്ല.

ഓഡിറ്റ് റിക്വസിഷനിലൂടെ ക്യാഷ് ബുക്ക്, ട്രഷറി/ബാങ്ക് പാസ്ബുക്കുകൾ, ചെലവ് രേഖകൾ എന്നിവ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതം ചെലവഴിച്ചാണ് യൂണിറ്റ് സ്ഥാപിച്ചത്. 1999-2000-ൽ 89,153 രൂപയും 2000-2001-ൽ 1,28,286 രൂപയും പദ്ധതി വിഹിതം യൂണിറ്റിന് നൽകിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിലെ പ്രോജക്ട് ഓഫീസറാണ് നിർവ്വഹണ ഉദ്യോഗസ്ഥ നെങ്കിലും പണം നൽകിയത് സെക്രട്ടറിയുടെ പി.ഡി. അക്കൗണ്ടിൽ നിന്നാണ്. ലഭ്യമായ രേഖകളിൽ സ്വകാര്യസ്ഥാപനം നടത്തുന്ന ലാഘവത്തോടെയാണ് പൊതു പണം കൈകാര്യം ചെയ്തതെന്ന് വ്യക്തമാണ്. അതിനാൽ വിശദമായ അന്വേഷണം നടത്തി 2,17,439 രൂപയുടെ നഷ്ടം ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്-ഓഡിറ്റ് ഖണ്ഡിക നമ്പർ-3.13(ii)1].

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2007-ലെ 66277/എ.ബി1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :—

37. "ഹാച്ചറിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇരിട്ടി പോളിക്ലിനിക്കിൽ സീനി.വെറ്റി. സർജനെയാണ് ബ്ലോക്ക് പഞ്ചായത്ത് നിയമിച്ചിട്ടുള്ളത്. യൂണിറ്റിന്റെ പ്രവർത്തനത്തിനായി സീനി.വെറ്റി. സർജന് 1,50,000 രൂപ സീഡ് മണിയായി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നൽകിയിരുന്നു. ടി ഫണ്ട് ഉപയോഗിച്ച് സീനി. വെറ്റി. സർജൻ മുട്ട, ഓഫീസ് സ്റ്റേഷനറി, തുടങ്ങിയ ചെലവുകൾ നിർവ്വഹിക്കുകയും ചെയ്തു. ടി ചെലവുകളുടെയോ, മുട്ട വിരിഞ്ഞുണ്ടായ കോഴിക്കുഞ്ഞുങ്ങളെ വിറ്റവഴി ലഭിച്ച തുകയുടെയോ കണക്കുകളും വൗച്ചറുകളും ഡോക്ടർ യഥാവിധി സൂക്ഷിച്ചിരുന്നില്ല. ഓഡിറ്റ് ആവശ്യത്തിനായി ആവശ്യപ്പെട്ടിട്ടും മുഴുവൻ രേഖകളും സീനി.വെറ്റി. സർജൻ ഹാജരാക്കിയിട്ടില്ല. സീനി.വെറ്റി. സർജന് സീഡ് മണി നൽകുക മാത്രമാണ് സെക്രട്ടറി ചെയ്തത്. ടി തുകയുടെ വിനിയോഗം നടത്തിയിട്ടുള്ളതും ആവശ്യമായ രേഖകൾ സൂക്ഷിക്കാതിരുന്നതും നിർവ്വഹണ ഉദ്യോഗസ്ഥനായ സീനി.വെറ്റി. സർജനാണ്. അദ്ദേഹത്തിന്റെ ഭാഗത്തുണ്ടായ വീഴ്ചകൾ

വകുപ്പ് മേധാവിയെ ഈ ഓഫീസിലെ 18-1-2007-ലെ സി/1115/06 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഹാച്ചറി കെട്ടിട നിർമ്മാണം, ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, ടെലഫോൺ സൗകര്യം ഏർപ്പെടുത്തൽ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് സെക്രട്ടറി നേരിട്ട് നടത്തിയിട്ടുള്ളത്.

38. ഹാച്ചറിയുമായി ബന്ധപ്പെട്ട് സീനിയർ വെറ്റി. സർജന് നൽകിയ സീഡ് മണി 1,50,000 രൂപ (25,000+1,25,000) നിർമ്മാണ പ്രവർത്തനങ്ങൾ, ഉപകരണങ്ങളുടെ വില, വൈദ്യുതീകരണം, ടെലഫോൺ സൗകര്യം ഏർപ്പെടുത്തൽ തുടങ്ങിയ ഇനത്തിൽ 1999-2000 വർഷത്തിൽ 5,73,313 രൂപയും 2000-01 വർഷത്തിൽ 1,67,214 രൂപയും ചെലവഴിച്ചിട്ടുണ്ട്. ചെലവുകൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് നിർവ്വഹിച്ചിട്ടുള്ളത്. റിപ്പോർട്ടിൽ പറയുംപ്രകാരം സീഡ് മണി കൂടാതെ മറ്റൊരു തുകയും നൽകിയിട്ടില്ല.

39. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചത് പ്രകാരം 89,153 രൂപയുടെ ഒരു ചെലവ് വരുത്തിയിട്ടില്ല. 1,28,286 രൂപയ്ക്ക് പകരം 1,28,637 രൂപ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് 3rd and part ബിൽ തുകയായി നൽകിയിട്ടുള്ളതാണ്."

40. പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഇംപ്ലിമെന്റിംഗ് ഓഫീസർക്ക് പണം ക്യാഷായി സാധാരണ നൽകാറില്ലെന്നും ചെക്കായിട്ടാണ് നൽകുന്നതെന്നും എന്നാൽ ഇതിനു വിരുദ്ധമായി ഇരിട്ടി ബ്ലോക്കിൽ ക്യാഷായി പദ്ധതി പണം കൊടുക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് സമിതി ആരാഞ്ഞു. സീനിയർ വെറ്ററിനറി സർജൻ ശ്രീ. എ. ജി. രവീന്ദ്രനായിരുന്നു നിർവ്വഹണോദ്യോഗസ്ഥനെന്നും ബാംഗ്ലൂരിൽ പോയി ഹാച്ചറിയ്ക്ക് പ്രവർത്തനത്തിനാവശ്യമായ മുട്ട വാങ്ങുന്നതിനാണ് പദ്ധതിപ്പണം ക്യാഷായി നൽകിയതെന്നും ഇരിട്ടി ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

41. ബാങ്കിൽ നിന്ന് പണം പിൻവലിച്ചാണ് പ്രോജക്ട് നടപ്പാക്കേണ്ടതെന്നും സർക്കാരിന്റെ പണം ചെലവാക്കുന്നതിന് മാനദണ്ഡമുണ്ടെന്നും കാലങ്ങളോളം സർക്കാർ പണം കൈവശം വയ്ക്കുകയെന്നാൽ മിസ് അപ്രോപ്രിയേഷന് തുല്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

42. ഓഡിറ്റ് ഖണ്ഡികകൾക്ക് കൃത്യമായി മറുപടി നൽകുന്നതിലുണ്ടാകുന്ന വീഴ്ചകൾ പരിഹരിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഓഡിറ്റ് പരാമർശങ്ങൾക്കുള്ള കരട് മറുപടികൾ കമ്മീഷണറേറ്റിൽ കൊണ്ടുവന്ന് കറക്ട് ചെയ്യുന്നതിനും പഴയ ഓഡിറ്റ് ഖണ്ഡികകൾക്ക് സമയപരിധി നിശ്ചയിച്ച് തീർപ്പാക്കുന്നതിനുമുള്ള തീരുമാനമെടുത്തിട്ടുണ്ടെന്ന് റൂറൽ ഡവലപ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

43. മേൽപ്പറഞ്ഞ ശ്രീ. എ. ജി. രവീന്ദ്രന് ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ ചാർജ് മെമ്മോ നൽകിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച ഫയലുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടപ്പോൾ വെറ്ററിനറി സർജന്റെ ഓഫീസിൽ നിന്നും പല പ്രാവശ്യവും ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചതെന്നും ഇതു സംബന്ധിച്ച ഗ്രാമപഞ്ചായത്തിലെ ഫയലുകൾ എല്ലാം കണ്ണൂർ ജില്ലാ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഓഫീസ് കൈപ്പറ്റിയതായുള്ള രസീതല്ലാതെ മറ്റു രേഖകൾ ഒന്നും വെറ്ററിനറി സർജന്റെ ഓഫീസിൽ ഇല്ലെന്നുമുള്ള മറുപടിയാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ലഭിച്ചതെന്നും അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

## നിഗമനങ്ങളും/ശുപാർശകളും

44. പ്രോജക്ട് നടപ്പാക്കുന്നതിനുള്ള സീഡ് മണി നിർവ്വഹണോദ്യോഗസ്ഥന് പണമായി നൽകിയ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി ചട്ടങ്ങൾക്കും നിലവിലുള്ള മാനദണ്ഡങ്ങൾക്കും വിരുദ്ധമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ഇപ്രകാരം പദ്ധതിപ്പണം ക്യാഷായി നൽകുകമൂലം നിർവ്വഹണോദ്യോഗസ്ഥന് യഥേഷ്ടം ദുരുപയോഗം ചെയ്യുന്നതിന് വഴിയൊരുക്കുകയും സർക്കാർ പണം എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തി കൈവശംവച്ച് അനുഭവിക്കുന്നതിന് അവസരം സൃഷ്ടിച്ചുകൊടുക്കുകയുമാണ് ഉണ്ടായത്. ആയതിനാൽ പദ്ധതി പണം മേലിൽ നിർവ്വഹണോദ്യോഗസ്ഥൻമാർക്ക് ക്യാഷായി നൽകരുതെന്നും ചെക്കായി മാത്രമേ നൽകാവൂയെന്നും ടി തുക ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിച്ച് ആവശ്യാനുസരണം വിനിയോഗിക്കണമെന്നും ദീർഘകാലം പണം കൈവശം വയ്ക്കാൻ അനുവദിക്കരുതെന്ന് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45. ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൽ ഹാച്ചറി സ്ഥാപിക്കുന്നതിനാവശ്യമായ പദ്ധതിപ്പണം ചെലവുചെയ്തതിന്റെ വൗച്ചറുകളോ രസീതുകളോ ഇതു സംബന്ധിച്ച മറ്റു രേഖകളോ ഫയലോ പദ്ധതി നിർവ്വഹണോദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജൻ ശ്രീ. എ. ജി. രവീന്ദ്രൻ ഓഡിറ്റിന് ഹാജരാക്കിയില്ല എന്നതു വളരെ ഗൗരവമായ ഒരു സംഗതിയായി സമിതി കാണുന്നു. വേണ്ട രേഖകൾ ഓഡിറ്റിനു ഹാജരാക്കാത്തത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിനെ തടസ്സപ്പെടുത്തുന്ന പ്രവർത്തിയാണെന്നും ഇത് LFA Act പ്രകാരം പ്രോസിക്യൂഷൻ നടപടി അർഹിക്കുന്ന കുറ്റമാണെന്നും സമിതി വിലയിരുത്തുന്നു. ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ കൈപ്പറ്റിയിട്ടും ആയതിന് മറുപടി നൽകുന്നതിൽപോലും തികഞ്ഞ അനാസ്ഥ കാണിക്കുന്നതിൽനിന്നും വെറ്ററിനറി സർജന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചയും സാമ്പത്തിക ക്രമക്കേടും നടന്നിട്ടുള്ളതായി അനുമാനിക്കാം. ആയതിനാൽ സീനിയർ വെറ്ററിനറി സർജനായ ശ്രീ. എ. ജി. രവീന്ദ്രനെതിരെ സാമ്പത്തിക ക്രമക്കേടുകൾക്ക് ക്രിമിനൽ നടപടിയും, ഓഡിറ്റിന് രേഖകൾ സമർപ്പിക്കാത്തതിന് LFA Act പ്രകാരവും, ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകാത്തതിന് വകുപ്പുതലത്തിലും നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**നബാർഡ് ഫണ്ട് പ്രവൃത്തികൾ—അധിക തുക നൽകി**

32,12,000 രൂപ എസ്റ്റിമേറ്റുള്ള കോളിക്കടവ്-ചെന്നലോട്-വട്ട്യറപായം റോഡ് പ്രവർത്തിക്ക് പദ്ധതി വിഹിതമായി എസ്റ്റിമേറ്റിന്റെ 10 ശതമാനം തുകയായ 3,21,000 രൂപ 1999-2000 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പാർട്ട് ബിൽ തുകയായി, പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയ 2,09,059 രൂപ തന്നെ നൽകി. (മെഷർമെന്റ് ബുക്ക് ലഭ്യമാക്കിയിട്ടില്ല). 4-10-1998-ലെ ജി.ഒ.(പി) 2460/98/ഫിൻ. പ്രകാരം ആദ്യത്തെ പാർട്ട് ബിൽ പ്രകാരം നൽകാവുന്ന തുക ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ 90 ശതമാനം മാത്രമാണ്. അപ്രകാരം ടി പ്രവൃത്തിക്ക് പാർട്ട് ബിൽ ആയി നൽകാവുന്ന തുക 1,88,154 രൂപയാണ്. അനുവദനീയമായതിൽ കൂടുതൽ നൽകിയ 20,905 രൂപ ആഡിറ്റിൽ അനുവദിക്കുന്നില്ല.

പൊതുമരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും വ്യക്തമായി മനസ്സിലാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രമിക്കാത്തതാണ് ഇത്തരം അധിക ചെലവുകൾക്ക് കാരണമാകുന്നത്.

95,000 രൂപ പദ്ധതി വിഹിതവും 50,000 രൂപ തൊഴിലുറപ്പ് പദ്ധതി വിഹിതവും 5,000 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി വിഭാവനം ചെയ്ത പായം പോസ്റ്റ് ഓഫീസ്—ഞണ്ടുംകണ്ണി റോഡ് പ്രവൃത്തി, 1999-2000 വർഷത്തെ വാർഷിക പദ്ധതിയിൽ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം ഉൾപ്പെടുത്തരുതെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം 95,000 രൂപ മാത്രം വക കൊള്ളിച്ച് പ്രോജക്ട് പുതുക്കുകയും 35,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകുകയും ചെയ്തു. (മൊത്തം അടങ്കലിന്റെ അനുപാതത്തിലാണ് ടി അഡ്വാൻസ് നൽകിയിട്ടുള്ളത്.)

തുടർന്ന് എഞ്ചിനീയറുടെ സാക്ഷ്യപത്ര പ്രകാരം 50,000 രൂപയ്ക്കുള്ള കരിങ്കൽ ശേഖരിച്ചതിന് 50,000 രൂപയും സെക്വേർഡ് അഡ്വാൻസും നൽകിയിട്ടുണ്ട്. 50,000 രൂപയുടെ മൂല്യത്തിന് നൽകാവുന്ന പരമാവധി സെക്വേർഡ് അഡ്വാൻസ് 37,500 രൂപ മാത്രമാണ്. ഈയിനത്തിൽത്തന്നെ 12,500 രൂപ അനർഹമായി അനുവദിച്ചു നൽകി. 27-3-2000-ൽ 95 ശതമാനം പ്രവൃത്തി പൂർത്തിയായി എന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബാക്കി 10,000 രൂപയും കൺവീനർക്ക് നൽകി. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. മെഷർമെന്റ് ബുക്ക്, മരാമത്ത് ബില്ല് എന്നിവയൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ല.

കൂടാതെ, മേൽ പ്രവൃത്തിക്കായി 31,875 രൂപ വിലവരുന്ന 17 ബാരൽ ടാർ അനുവദിച്ചിരുന്നു. ഇതു കൂടിയാകുമ്പോൾ മൊത്തം ചെലവ് 1,26,875 രൂപ വരും. (95,000 + 31,875) കൺവീനർക്ക് നൽകിയ തുകയും ടാറിന്റെ വിലയും ചേർന്നുള്ള തുക പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ള തുകയേക്കാൾ 31,875 രൂപ കൂടുതലാണ്. പ്രോജക്ട് വകയിരുത്തലിൽ അധികമായി ചെലവഴിച്ച പ്രസ്തുത തുക ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്-ഓഡിറ്റ് ഖണ്ഡിക നമ്പർ-VII. 13(12)(ii)].

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2007-ലെ 66277/എ.ബി1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

46. "1999-2000 വർഷത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തിയുടെ ഒന്നാമത്തെ പാർട്ട് ബിൽ തുകയിൽ 10% തുക അതായത് 20,905 രൂപ കുറവ് വരുത്താതെ നൽകി എന്നത് ശരിയാണ്. പ്രവൃത്തി എളുപ്പം പൂർത്തീകരിക്കട്ടെ

എന്നുള്ള ഉദ്ദേശത്തോടെ കൊടുത്തുപോയതാണ്. അധികം നൽകിയ തുക അന്തിമ ബിൽ തുക നൽകുമ്പോൾ താഴെ പറയും പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

DLTC അംഗീകരിച്ച വർക്ക് സ്ലിപ്പ് പ്രകാരം നൽകാവുന്ന തുക : 31,63,335

നൽകിയ തുക :

| | | | |
|---|---|---|---|
| 1-ാമത്തെ പാർട്ട് ബിൽ തുക | : | 2,09,059 | |
| 2-ാമത്തെ പാർട്ട് ബിൽ തുക | : | 6,60,589 | |
| ആദായനികുതി ഒടുക്കിയത് | : | 16,187 | |
| 3-ാമത്തെ പാർട്ട് ബിൽ തുക | : | 2,51,662 | |
| 4-ാമത്തെ പാർട്ട് ബിൽ തുക | : | 4,98,000 | |
| 5-ാമത്തെ പാർട്ട് ബിൽ തുക | : | 4,64,857 | |
| 6-ാമത്തെ പാർട്ട് ബിൽ തുക | : | 1,76,863 | |
| അന്തിമ ബിൽ തുക | : | 2,16,268 | |
| | | 24,93,485 | |
| ടാറിന്റെ വില, റോഡ് റോളറിന്റെ വാടക, ടാക്സ് മുതലായവ | : | 7,16,493 | |
| ആകെ | : | 32,09,978 | 3209978 |
| അധികം നൽകിയ തുക | : | | 46643 |
| റിക്കവറി ചെയ്ത തുക | : | | 46643 |

മെഷർമെന്റ് ബുക്ക് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്.

47. മേൽ ഖണ്ഡികയ്ക്കുള്ള മറുപടി 2004 ഒക്ടോബർ 5-ാം തീയതി കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ രേഖകൾ സഹിതം ഹാജരാക്കുകയും, അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഫയൽ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.”

48. “95,000 രൂപ പദ്ധതി വിഹിതവും 50,000 രൂപ EAS വിഹിതവും 5,000 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി 1999-2000 വർഷത്തിൽ ഏറ്റെടുത്തിരുന്ന പോസ്റ്റാഫീസ്—ഞണ്ടുംകണ്ണി റോഡ് പ്രവൃത്തിക്ക് 1999-2000 വർഷത്തിൽ പദ്ധതി വിഹിതം തുക മുഴുവൻ അഡ്വാൻസായി നൽകി. EAS വിഹിതം പദ്ധതി വിഹിതവുമായി ക്ലബ്ബ് ചെയ്യരുതെന്ന നിബന്ധന ഉണ്ടായിരുന്നതിനാൽ EAS വിഹിതമായി വകയിരുത്തിയ 50,000 രൂപ ഒഴിവാക്കുകയും പകരം 2000-01 വർഷത്തിൽ പദ്ധതി വിഹിതത്തിൽ നിന്ന് 50,000 രൂപ വകകൊള്ളിക്കുകയും ചെയ്തിരുന്നു.

49. സെക്വേർഡ് അഡ്വാൻസായി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 50,000 രൂപ നൽകിയിട്ടുണ്ട്. 37,500 രൂപക്ക് പകരം 50,000 രൂപ മുഴുവനായും നൽകിയത് പ്രവൃത്തിയുടെ വേഗത്തിലുള്ള പൂർത്തീകരണം ഉദ്ദേശിച്ച് നൽകിയതാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 50,000 രൂപകൂടി നൽകിയിട്ടുണ്ട്.

50. മെഷർമെന്റ് ബുക്കും, ബില്ലും തയ്യാറാക്കിയിട്ടുണ്ട്. ആയത് ഇതോടൊപ്പം ഹാജരാക്കുന്നു. പ്രവൃത്തി 24-4-2000-ന് പൂർത്തീകരിക്കുകയും മുൻകൂർ നൽകിയ മുഴുവൻ തുകയും അന്തിമ ബില്ലിൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. മേലിൽ ഇങ്ങനെയുള്ള കാര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കുന്നതാണ്.

51. ടി പ്രോജക്ടിന് വകയിരുത്തിയിരുന്ന EAS വിഹിതമായ 50,000 രൂപയ്ക്ക് പകരം 2000-01 വർഷത്തിൽ പദ്ധതി വിഹിതമായി 50,000 രൂപ വകയിരുത്തിയിരുന്നു. അതിനാൽ പ്രോജക്ടിന്റെ അടങ്കൽ തുകയായ 1,50,000 രൂപയിൽ കുറവ് വന്നിട്ടില്ല. പ്രോജക്ടിന്റെ ആകെ ചെലവ് 1,26,990 രൂപയാണ്."

52. പായം പോസ്റ്റാഫീസ്—ഞണ്ടുംകണ്ണി റോഡ് പ്രവൃത്തിക്ക് പ്രോജക്ടിൽ പറഞ്ഞിരിക്കുന്നതിനെക്കാൾ കൂടുതൽ തുക ചെലവാക്കുന്നതിന് പ്രത്യേക തീരുമാനം ഉണ്ടായിരുന്നോയെന്നും കൂടുതൽ തുക ചെലവാക്കിയതിന് സാധൂകരണം വാങ്ങിയിട്ടു ണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് പ്രസ്തുത തീരുമാനത്തിന് സാധൂകരണം വാങ്ങിയിട്ടുണ്ടെന്ന് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. മറുപടി പറഞ്ഞു.

53. പ്രോജക്ടിൽ പറഞ്ഞിരുന്നതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കുന്നതി നുള്ള പ്രത്യേക തീരുമാനത്തിന് സാധൂകരണം വാങ്ങിയിട്ടുണ്ടെന്ന് ബി.ഡി.ഒ. വ്യക്തമാക്കിയ സാഹചര്യത്തിൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് സമിതി ആവശ്യപ്പെട്ടിരുന്നു.

54. തുടർന്ന് സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ച് 26-8-2008-ലെ എൽ.എഫ്. 18615/സ്പെ.സെൽ.ജി2/07 നമ്പർ കത്തു പ്രകാരം ഓഡിറ്റ് ഡയറക്ടർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു :—

55. "ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് 1999-2000 വർഷം നടത്തിയ പായം പോസ്റ്റാ ഫീസ്—ഞണ്ടുംകണ്ണി റോഡ് പ്രവൃത്തിയിൽ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച 31,875 രൂപ അധികമായി ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങു കയോ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത പ്രവൃത്തിയിൽ ഇ.എ.എസ്. വിഹിതവുമായി ഉൾപ്പെടുത്തിയിരുന്ന 50,000 രൂപ പദ്ധതി വിഹിതവുമായി ക്ലബ്ബ് ചെയ്യരുതെന്ന നിബന്ധനയുണ്ടായിരുന്നതിനാൽ തുക ഒഴിവാക്കുകയും പകരം 2000-2001 വർഷത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും 50,000 രൂപ വക കൊള്ളിക്കുകയും പദ്ധതി 24-4-2000-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്."

## നിഗമനങ്ങളും/ശുപാർശകളും

56. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോളിക്കടവ്-ചെന്നലോട്-വട്ട്യറപായം റോഡുപണി സംബന്ധിച്ച പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

57. പായം പോസ്റ്റ് ഓഫീസ്-ഞണ്ടുംകണ്ണി റോഡ് പ്രവൃത്തിക്ക് അധികമായി ചെലവഴിച്ച തുക പിന്നീടുള്ള വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും വകകൊള്ളി ക്കുകയും പണി പൂർത്തീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ അനധികൃതമായി അധിക തുക ചെലവഴിച്ചതിന്മേൽ മേൽനടപടി അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. എന്നാൽ അധികരിച്ച ചെലവിന് സർക്കാരിന്റെ സാധൂകരണം വാങ്ങിയിട്ടുണ്ടെന്നാണ് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. സമിതിയെ അറിയിച്ചത്. എന്നാൽ ഓഡിറ്റിന്റെ പരിശോധനയിൽ അധിക ചെലവിന് സാധൂകരണം വാങ്ങിയിട്ടില്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ സമിതിക്ക് തെറ്റായ വിവരം നൽകിയ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. നാരായണനെതിരെ നടപടി സ്വീകരിച്ച് സമിതിയെ വിവരം അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## III. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**അനർഹമായി ആനുകൂല്യം നൽകി**

പട്ടികജാതി വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ 1998-99 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടിൽ 1999-2000 വർഷത്തിൽ 27,050 രൂപ കാട്ടു വളപ്പിൽ കുഞ്ഞമ്പു എന്നയാളിന് നൽകിയിട്ടുണ്ട്. പയ്യാവൂർ ഗ്രാമ പഞ്ചായത്തിൽപ്പെട്ട പ്രസ്തുത ഗുണഭോക്താവിന്റെ പേര് പ്രസ്തുത പഞ്ചായത്തിന്റെ 1998-99-ലെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടുകാണുന്നില്ല. ഗുണഭോക്താവിന്റെ അപേക്ഷയിന്മേൽ, ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുത്ത് ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടുന്നു ണ്ടെങ്കിൽ ആനുകൂല്യം അനുവദിക്കാമെന്ന് സെക്രട്ടറി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അപേക്ഷയിലോ സെക്രട്ടറിയുടെ കുറിപ്പിലോ തീയതി വച്ചിട്ടില്ല. എന്നാൽ 27-4-1999-ലെ റിപ്പോർട്ടിൽ, പ്രസ്തുത ഗുണഭോക്താവിന് ആനുകൂല്യം അനുവദിക്കാ വുന്നതാണെന്ന് VEO സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 29-3-1999-ൽ തന്നെ പ്രസ്തുത ഗുണഭോക്താവിന് 4,000 രൂപ ആദ്യ അഡ്വാൻസായി അനുവദിച്ചു നൽകിയി ട്ടുമുണ്ട്. ഇത്തരത്തിൽ അഡ്വാൻസ് അനുവദിച്ചു നൽകിയതിന്റെയും ബാക്കി ആനു കൂല്യം നൽകിയതിന്റെയും മാനദണ്ഡം വ്യക്തമല്ല. അനർഹമായി അനുവദിച്ചുകൊടുത്ത തുകയായ 31,050 രൂപ ആഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് - ഓഡിറ്റ് ഖണ്ഡിക നമ്പർ-VII. 13(13)(i)].

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2007-ലെ 66277/എ.ബി1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :—

58. "പയ്യാവൂർ ഗ്രാമപഞ്ചായത്ത് 18-12-1998 തീയതിയിലെ 79/98-ാം നമ്പർ തീരുമാനപ്രകാരം കാട്ടുവളപ്പിൽ കുഞ്ഞമ്പു എന്നയാളെ ഗുണഭോക്താവായി തെരഞ്ഞെ ടുക്കുകയും ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 24-3-1999 തീയതിയിലെ 16/99(6) നമ്പർ തീരുമാനപ്രകാരം ഈ ഗുണഭോക്താവിനെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണ പദ്ധതിയിൽ എഗ്രിമെന്റ് വച്ചുകഴിഞ്ഞാൽ മുൻകൂറായി തുക അനുവദിക്കാറുണ്ട്. അപ്രകാരമാണ് ടിയാൾക്ക് 29-3-1999-ന് 4,000 രൂപ മുൻകൂറായും തുടർന്നു തവണകളായും ധനസഹായം അനുവദിച്ചത്.

59. പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെ 18-12-1998-ലെ 79/98-ാം നമ്പർ തീരുമാന പ്രകാരം കാട്ടുവളപ്പിൽ കുഞ്ഞമ്പു എന്നയാളെ ഗുണഭോക്താവായി തെരഞ്ഞെടുത്തിരുന്നെന്നും ആയതിനാൽ 24-3-1999-ലെ 16/99(6) നമ്പർ തീരുമാനപ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇരിക്കൂർ ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

60. ഇതു സംബന്ധിച്ച എല്ലാ രേഖകളും സഹിതം ഫയൽ ഓഡിറ്റിനെ കാണിക്കണമെന്നും ഇതിന്മേലുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടതിനെ തുടർന്ന് സമിതിയുടെ നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധന നടത്തുകയും ആയതിന്മേൽ 15-1-2008-ലെ എൽ.എഫ്. 20846/സ്പെ. സെൽ.ജി3/08 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

61. പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി 1998-99 സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീ. കാട്ടുവളപ്പിൽ കുഞ്ഞമ്പു എന്നയാളെ ഗുണഭോക്താവായി തെരഞ്ഞെടുത്ത് പയ്യാവൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിതിന്റെ ശരിപ്പകർപ്പ് ഹാജരാക്കിയത് പരിശോധിച്ചു. 18-12-1998 തീയതി നടന്ന പയ്യാവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പ് വച്ച സാക്ഷ്യപത്രമാണ് പുനഃപരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഗുണഭോക്താവായി തെരഞ്ഞെടുത്തതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്യുന്നു.''

## നിഗമനങ്ങൾ/ശുപാർശകൾ

62. ലോക്കൽ ഫണ്ട് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

ഓഡിറ്റ് ഖണ്ഡിക

**റോഡ് പ്രവൃത്തി—അധിക തുക നൽകിയതുമൂലം നഷ്ടം**

7,20,000 രൂപ എസ്റ്റിമേറ്റുള്ള പൊടിക്കുളം-മാടമ്പ പാറക്കടവ് റോഡ് പ്രവൃത്തി 13 ശതമാനം അധിക നിരക്കിലാണ് നിർവ്വഹിച്ചത്. പ്രവൃത്തിക്കാവശ്യമായ 90 ബാരൽ ടാർ പഞ്ചായത്തിൽനിന്നാണ് ലഭ്യമാക്കിയത്. ആകെ 8,13,600 രൂപ മൂല്യം കണക്കാക്കിയതിൽ നിന്നും ടാറിന്റെ വില, മറ്റു നികുതി എന്നിവ കിഴിച്ചതിനുശേഷം 1,54,165 രൂപ അവസാന ബിൽ തുകയായി കരാറുകാരന് നൽകിയിട്ടുണ്ട്.

എന്നാൽ പ്രസ്തുത ബില്ലിൽ നിന്നും 74 ബാരൽ ടാറിന്റെ വില മാത്രമേ കുറവു ചെയ്തിട്ടുള്ളൂ. ആവശ്യത്തിലധികമായി അനുവദിച്ചു നൽകിയ 16 ബാരൽ ടാറിന്റെ വിലയായ 24,096 രൂപ (16 x 1506) പഞ്ചായത്ത് ഫണ്ടിന് നഷ്ടപ്പെട്ടിട്ടുണ്ട്. കൂടാതെ, പൊതുമരാമത്ത് ബില്ലുകളിൽനിന്ന് നിയമപ്രകാരം ഈടാക്കേണ്ട 2.24 ശതമാനം ആദായ നികുതിയും ഈടാക്കിയിട്ടില്ല. ഈയിനത്തിൽ കേന്ദ്ര സർക്കാരിന് 18,225 രൂപയും 90 ടാർ വീപ്പകളുടെ വിൽപ്പന നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് 900 രൂപയും നഷ്ടം വന്നിട്ടുണ്ട്. 90 ടാർ വീപ്പകളുടെ വിലയായ 9,000 രൂപ പഞ്ചായത്ത് ഫണ്ടിനും നഷ്ടം വന്നു.

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ശരിയായ രീതിയിലുള്ള മേൽനോട്ടവും നിയന്ത്രണവുമില്ലാത്തതിന്റെ ഫലമായാണ് ഈ ഭീമമായ നഷ്ടം സംഭവിച്ചത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം ഈടാക്കി അതാത് ഫണ്ടിൽ ഒടുക്കുന്നതിനും പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ തുകയായ 33,096 രൂപ ഈടാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്—ഓഡിറ്റ് ഖണ്ഡിക നമ്പർ-VII. 13(13)(ii)].

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2007-ലെ 66277/എ.ബി1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :—

63. "1998-99 സാമ്പത്തിക വർഷം പൊടിക്കുളം—മാടമ്പ പാറക്കടവ് റോഡിൽ രണ്ടു പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. 53-ാം നമ്പർ പ്രോജക്ട് പ്രകാരം 7,20,000 രൂപ എസ്റ്റിമേറ്റുള്ള പ്രവർത്തി ശ്രീ. കെ. നാസറിനു കരാർ നൽകിയിരുന്നു. ഇതേ റോഡിന്റെ ബാക്കി വന്ന 300 മീറ്റർ ഭാഗം 233-ാം നമ്പർ പ്രോജക്ട് പ്രകാരം ഗുണഭോക്തൃകമ്മിറ്റി കൺവീനർ ശ്രീ. എം.പി. ജോയി എന്നയാളെ ഏൽപ്പിക്കുകയും ചെയ്തു. ആദ്യ പ്രവർത്തിക്ക് 74 ബാരലും രണ്ടാം പ്രവൃത്തിക്ക് 16 ബാരലും അടക്കം ആകെ 90 ബാരൽ ടാർ ആണ് ആവശ്യമായിരുന്നത്. മേൽ പ്രവൃത്തികൾക്ക് ആവശ്യമായ ടാർ യഥാക്രമം കരാറുകാരനും കൺവീനർക്കും നൽകിയിരുന്നുവെങ്കിലും ടാർ ഇഷ്യൂ രജിസ്റ്ററിൽ കരാറുകാരനായ നാസറിനു 90 ബാരൽ നൽകിയതായാണ് രേഖപ്പെടുത്തിയിരുന്നത്. ആദ്യ പ്രവൃത്തിയുടെ ഫൈനൽ ബിൽ തുകയിൽ നിന്നും 74 ബാരൽ ടാറിന്റെ വിലയായ 1,11,444 രൂപയും രണ്ടാം പ്രവൃത്തിയുടെ ഫൈനൽ ബിൽ തുകയിൽനിന്നും 16 ബാരൽ ടാറിന്റെ വിലയായ 24,096 രൂപയും കിഴിവ് ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ടാർ വാങ്ങുന്ന സമയത്തു നൽകുന്ന വിൽപ്പന നികുതി, എക്സൈസ് ഡ്യൂട്ടി, കടത്തുകൂലി, വീപ്പ അടക്കമുള്ള ടാറിന്റെ വില എന്നിവ അടക്കമുള്ള തുകയാണ് കരാറുകാരനിൽനിന്നും ഈടാക്കിയിട്ടുള്ളത് എന്നതിനാൽ കരാറുകാരനിൽനിന്നും കാലി വീപ്പയുടെ വില ഈടാക്കേണ്ടതില്ല. മേൽ കാരണങ്ങളാൽ ബ്ലോക്ക് പഞ്ചായത്തിനു നഷ്ടമുണ്ടായിട്ടില്ല. കരാറുകാരനായ ശ്രീ. നാസർ ചെയ്ത പ്രവൃത്തിയുടെ ആദായ നികുതിയിനത്തിൽ അടയ്ക്കേണ്ടതായ 18,225 രൂപ ടിയാൾക്കു ഈ ഓഫീസിൽനിന്നും നിലവിൽ നൽകാനുള്ള ബില്ലിൽനിന്നും വസൂലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

64. 1998-99 സാമ്പത്തിക വർഷം പൊടിക്കുളം—മാടമ്പ പാറക്കടവ് റോഡിന്റെ രണ്ടു പ്രവൃത്തികൾക്കായി 90 ബാരൽ ടാർ പഞ്ചായത്തിൽനിന്നും നൽകിയതിൽ 74 ബാരൽ ടാറിന്റെ വില മാത്രമാണ് ബില്ലിൽ കുറവു ചെയ്തിരിക്കുന്നതെന്നും ആയതിന്റെ കാരണമെന്താണെന്നും സമിതി ആരാഞ്ഞു. 16 ബാരലിന്റെ തുകയായ 24,096 രൂപ ഫൈനൽ ബില്ലിൽനിന്നും ഈടാക്കിയിട്ടുണ്ടെന്നും ഈ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെന്നും കരാറുകാരനായ ശ്രീ. നാസർ ചെയ്ത പ്രവൃത്തിയുടെ ആദായ നികുതിയിനത്തിൽ അടയ്ക്കേണ്ടതായ 18,225 രൂപ ടിയാൾക്ക് ഓഫീസിൽനിന്നും നൽകാനുള്ള ബില്ലിൽനിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

65. രണ്ടു പ്രവൃത്തികളായിട്ട് രണ്ടു വ്യക്തികളെക്കൊണ്ടാണ് പണി ചെയ്യിച്ച തെന്നും ആദ്യ പണിക്ക് 74 ബാരൽ ടാറും രണ്ടാമത്തെ പണിക്ക് 16 ബാരൽ ടാറും ഉപയോഗിച്ചിട്ടുണ്ടെന്നും 74 ബാരൽ ടാറിന്റെ വില 1,11,444 രൂപയും 16 ബാരലിന്റെ വില 24,096 രൂപയും ഫൈനൽ ബില്ലുകളിൽനിന്നും കുറവു ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ഒരു വർക്ക് കൺവീനറും മറ്റൊന്ന് കോൺട്രാക്ടറു മാണ് ഏറ്റെടുത്തതെന്നും എന്നാൽ മുഴുവൻ ടാറും ഒരാളുടെ പേരിൽ ഇഷ്യൂ ചെയ്തതാ യാണ് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടർ വ്യക്തമാക്കി. പരിശോധനയ്ക്കായി ബന്ധപ്പെട്ട ഫയലും ഇഷ്യൂ രജിസ്റ്ററും ഓഡിറ്റ് വകുപ്പിന് നൽകണമെന്നും ഇതിന്മേലുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

66. സമിതി നിർദ്ദേശത്തിന്മേൽ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 15-1-2008-ലെ എൽ.എഫ്. 20846/സ്പെ.സെൽ.ജി3/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :—

67. "53-ാം നമ്പർ പ്രോജക്ട് പ്രകാരം പൊടിക്കുളം—മാടമ്പ പാറക്കടവ് റോഡിന്റെ പ്രവർത്തിക്ക് കരാറുകാരൻ ശ്രീ. കെ. നാസറിന് ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 90 ബാരൽ ടാർ നൽകിയിട്ടുണ്ട്. 20-2-1999-ന് ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. എം.വി. ജോയിക്ക് ടാർ നൽകിയതായി കാണുന്നില്ല. 74 ബാരൽ ടാറിന്റെ വിലയായ 1,11,444 രൂപ 53-ാം നമ്പർ പ്രോജക്ടിന്റെ അവസാന പ്രവൃത്തി ബില്ലിൽ നിന്നും 16 ബാരൽ ടാറിന്റെ വിലയായ 24,096 രൂപയും കുറവ് ചെയ്തിട്ടുണ്ട്. ശ്രീ. നാസറിന് കൊടുത്ത 90 ബാരൽ ടാറിൽനിന്നും 16 ബാരൽ ടാർ ട്രാൻസ്ഫർ എൻട്രി പ്രകാരം ശ്രീ. ജോയിക്ക് കൊടുത്തതായോ മറ്റേതെങ്കിലും പ്രവൃത്തിക്ക് അനുവ ദിച്ച ടാറിൽ നിന്നും മേൽ കാണിച്ച പ്രകാരം 16 ബാരൽ ടാർ ശ്രീ. എം.വി. ജോയിക്ക് പ്രോജക്ട് 233-ലെ പ്രവൃത്തിക്ക് അനുവദിച്ചതായോ കാണുന്നില്ല. ഈ സാഹചര്യ ത്തിൽ രണ്ട് പ്രവൃത്തികൾക്കുമായി ആകെ അനുവദിച്ച 90 ബാരൽ ടാറിന്റെ വില രണ്ട് പ്രവൃത്തികളുടെ ബില്ലുകളിൽനിന്നും ഈടാക്കിയിട്ടുണ്ടെന്ന മറുപടി സ്വീകരിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്.

68. ടാർ വാങ്ങിയതിന്റെ ഇൻവോയ്സ് പ്രകാരമുള്ള നികുതികൾ, കടത്ത് കൂലി എന്നിവ അടക്കമുള്ള തുകയാണ് കരാറുകാരന്റെ ബില്ലിൽനിന്നും ടാർ വില ഇനത്തിൽ ഈടാക്കിയിട്ടുള്ളതെന്നും അതിനാൽ ബ്ലോക്ക് പഞ്ചായത്തിന് ടാറിന്റെ കൂലി വീപ്പയുടെ വില ഈടാക്കാത്തതിനാൽ നഷ്ടം സംഭവിച്ചിട്ടില്ലെന്നുമുള്ള സെക്രട്ടറിയുടെ മറുപടി സ്വീകരിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്.

69. കരാറുകാരനായ ശ്രീ. നാസറിൽനിന്നും ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ട 18,225 രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. ടി തുക ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകാവുന്നതാണ്."

## നിഗമനങ്ങളും/ശുപാർശകളും

70. കരാറുകാരന്റെ കയ്യിൽ നിന്നും തുക ഈടാക്കിയ വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 27-3-2009-ലെ എൽ. എഫ്. 2770/സ്പെഷ്യൽസെൽജി3/09 കത്തു പ്രകാരം സമിതിയെ അറിയിച്ച സ്ഥിതിക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

ഓഡിറ്റ് ഖണ്ഡിക

**ടാറിന്റെ വില ഈടാക്കിയിട്ടില്ല—നഷ്ടം 23, 464 രൂപ**

1997-1998 സ്പിൽ ഓവർ പ്രവൃത്തിയായ കൊളന്ത എ.എൽ.പി. സ്കൂൾ പട്ടിക ജാതി കോളനി റോഡ് ഒന്നാം ഭാഗത്തിന്റെ ആവശ്യത്തിനായി 48 ബാരൽ ടാർ പഞ്ചായത്തിൽ നിന്ന് അനുവദിച്ചു നൽകിയിരുന്നെങ്കിലും, അവസാന ബിൽ തുകയിൽ നിന്നും 34 ബാരൽ ടാറിന്റെ വില മാത്രമേ ഈടാക്കിയിട്ടുള്ളൂ. കൺവീനർ വശം 14 ബാരൽ ടാർ മറ്റെന്തെങ്കിലും പ്രവൃത്തിക്ക് ഉപയോഗിച്ചതായോ, വില ഈടാക്കിയതായോ വ്യക്തമല്ലാത്ത സാഹചര്യത്തിൽ, 14 ബാരൽ ടാറിന്റെ വിലയായ 23,464 രൂപ (14 X 1676) ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്—
ഖണ്ഡിക നമ്പർ VII. 13 (13) (iii)]

ഓഡിറ്റ് ഖണ്ഡികകയ്ക്ക് 12-11-2007-ലെ 66277/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:—

71. "14 ബാരൽ ടാറിന്റെ വിലയായ 23,464 രൂപ കൺവീനർ ശ്രീ. ജനാർദ്ദനനിൽ നിന്നും വസൂലാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും രജിസ്റ്റേർഡ് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്."

72. കൊളന്ത എ.എൽ.പി. സ്ക്കൂൾ പട്ടികജാതി കോളനി റോഡ് ഒന്നാം ഭാഗം പണിയുടെ ആവശ്യത്തിനായി 48 ബാരൽ ടാർ പഞ്ചായത്തിൽ നിന്ന് അനുവദിച്ചിട്ടുള്ളതിൽ 34 ബാരൽ ടാറിന്റെ വില കഴിച്ച് ബാക്കി അടയ്ക്കാനുള്ള 14 ബാരൽ ടാറിന്റെ വിലയായ 23,464 രൂപ അതിന്റെ കൺവീനറായ ശ്രീ. ജനാർദ്ദനനിൽ നിന്നും ഈടാക്കിയോയെന്ന് സമിതി ആരാഞ്ഞു. കൺവീനറിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ടെന്നും അതിനായി രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട സെക്രട്ടറിക്ക് ഡി.സി.ആർ.ജി. കൊടുത്തിട്ടില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങളും/ശുപാർശകളും

73. കൊളന്ത എ.എൽ.പി. സ്കൂൾ പട്ടികജാതി കോളനി റോഡിന്റെ പണിയ്ക്കായി നൽകിയ 48 ബാരൽ ടാറിൽ ഉപയോഗിക്കാതെ ബാക്കി വന്ന 14 ബാരൽ ടാറിന്റെ വിലയായ 23,464 രൂപ ബന്ധപ്പെട്ട കൺവീനറായ ശ്രീ. ജനാർദ്ദനനിൽ നിന്നും അടിയന്തിരമായി പലിശ സഹിതം ഈടാക്കി പഞ്ചായത്തു ഫണ്ടിൽ മുതൽകൂട്ടണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദവിവരം സമിതിയെ അറിയിക്കണ

മെന്നും സമിതി ശുപാർശ ചെയ്യുന്നു. ആവശ്യത്തിൽക്കൂടുതൽ ടാർ നൽകുകയും പ്രവൃത്തി പൂർത്തിയാക്കിയശേഷം ബാക്കി വന്ന ടാർ പഞ്ചായത്തിലേക്ക് തിരികെ എടുക്കാതിരിക്കുകയും ചെയ്ത ഉദ്യോഗസ്ഥന്റെ പേരിൽ കർശന വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**നബാർഡ് പദ്ധതികൾക്കുള്ള ചെലവ് പ്ലാൻ ഫണ്ടിൽ നിന്നും നൽകിയത്—ക്രമരഹിതം**

നബാർഡ് ആർ. ഐ. ഡി. എഫ്3-ൽ ഉൾപ്പെടുത്തി നടത്തിവരുന്ന കണിയാർ വയൽ കാഞ്ഞിലേരി ഉളിക്കൽ റോഡ് പ്രവൃത്തി കൺവീനർക്ക് ബി.ഡി.ഒ.യുടെ ടി.പി.എ 69-ാം നമ്പർ അക്കൗണ്ടിൽ നിന്നും മുൻകൂറായി 5,28,505 രൂപ, നബാർഡിൽ നിന്നും തുക അനുവദിച്ചു കിട്ടുമ്പോൾ റീ ഇംപേഴ്സ് ചെയ്യുമെന്ന വ്യവസ്ഥയിൽ ബ്ലോക്ക് പഞ്ചായത്ത് തീരുമാനപ്രകാരം അനുവദിക്കുകയുണ്ടായി. എന്നാൽ നബാർഡിൽ നിന്നും തുക ലഭിക്കാതെ തന്നെ സെക്രട്ടറിയുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിന്നും 5,28,505 രൂപ ബി.ഡി.ഒ.യുടെ ടി.പി.എ. 69 അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്.

1999-2000 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടാത്തതിനാൽ ഇതിനെ പദ്ധതി ചെലവായി ആഡിറ്റ് അംഗീകരിക്കുന്നില്ല. തന്നെയുമല്ല, പ്ലാൻ ഫണ്ടിൽ നിന്നും ക്രമരഹിതമായി വകമാറ്റി ചെലവു ചെയ്തത് ശരിയായ നടപടിയല്ല. ഈ തുക പ്ലാൻ ഫണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്—
ഖണ്ഡിക നമ്പർ VII. 13 (13) (iv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2007-ലെ 66277/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

74. "നബാർഡ് ആർ.ഐ.ഡി.എഫ്. നിബന്ധനകൾ പ്രകാരം പ്രോജക്ടുകൾക്ക് ബില്ലിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും തുക അനുവദിക്കുകയും നബാർഡിൽ നിന്നും റീ ഇംപേഴ്സ്മെന്റിന് അപേക്ഷിക്കുകയും ചെയ്യുകയുമാണ് പതിവ്. ബ്ലോക്ക് പഞ്ചായത്ത് തീരുമാനപ്രകാരം പ്ലാൻ പി.ഡി. അക്കൗണ്ടിൽ തുക കുറവായതു കാരണം ബി.ഡി.ഒ.യുടെ ടി.പി.എ. 69-ൽ നിന്നും തുക അനുവദിക്കുകയും പിന്നീട് ടി.പി. അക്കൗണ്ടിലേക്ക് പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിന്നും അഡ്ജസ്റ്റ് ചെയ്യുകയുമാണുണ്ടായത്. മേൽ പ്രവർത്തിയുടെ റീഇംപേഴ്സ്മെന്റു തുക 20,64,000 രൂപ ലഭിച്ചത് 9-11-2000 തീയതിയിൽ ജനറൽ പി.ഡി. അക്കൗണ്ടിൽ വരവു വെക്കുകയും 16-12-2000-ന് പരാമർശ സംഖ്യ ഉൾപ്പെടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിന്നും ചെലവഴിച്ച 10,13,041 രൂപ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്."

## നിഗമനങ്ങളും/ശുപാർശകളും

75. നബാർഡ് ആർ.ഐ.ഡി.എഫ്. നിബന്ധനകൾ പ്രകാരം റീഇംപേഴ്സ്മെന്റ് വ്യവസ്ഥയിൽ ബ്ലോക്ക് പഞ്ചായത്ത് നൽകിയ 5,28,505രൂപ

16-12-2000-ന് പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് തിരിച്ചടച്ചതായി അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**തൊഴിലുറപ്പു പദ്ധതി ചെലവുകൾ—പദ്ധതി വിഹിതം**

തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി ചെലവാക്കിയ പദ്ധതി വിഹിതം 12,86,091 രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ (21 ഫയലുകൾ, അളവു പുസ്തകം എന്നിവ) ആഡിറ്റിൽ ഹാജരാക്കിയിട്ടില്ല. കൂടാതെ ടി തുകയിൽ നിന്നും വാങ്ങൽ നികുതിയായി 51,208 രൂപയും തൊഴിലാളി ക്ഷേമനിധിയായി 6755 രൂപയും അടവാക്കാനുമുണ്ട്. ഈ പദ്ധതിയിൽ ലഭ്യമാക്കിയ 85 ബാരൽ ടാറിന്റെ വില ഈടാക്കിയിട്ടുണ്ടെങ്കിലും 85 കാലി ബാരലിന്റെ വില ഈടാക്കാത്തതിനാൽ, പഞ്ചായത്ത് ഫണ്ടിന് 8500 രൂപയും വിൽപ്പന നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് 850 രൂപയും നഷ്ടം വന്നിട്ടുണ്ട്. പ്രസ്തുത തുകകൾ ഈടാക്കി അതാത് ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്—
ഖണ്ഡിക നമ്പർ VII. 13 (13) (v)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2007-ലെ 66277/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :—

76. "1. സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ച 21 ഫയലുകൾക്കുപകരം 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റു റിപ്പോർട്ടുപ്രകാരം 19 ഫയലുകളാണുള്ളത്. അവയുടെ എല്ലാ ഫയലുകളും അളവു പുസ്തകങ്ങളും ഈ ഓഫീസിൽ ലഭ്യമാണ്.

2. 6-7-1999-ലെ 235 നമ്പർ വൗച്ചർ പ്രകാരമുള്ള വള്ളുവൻ കടവുനുഞ്ഞേരി റോഡിന്റെ 9000 രൂപയും 20-1-2000-ലെ 519-ാം നമ്പർ വൗച്ചർ പ്രകാരമുള്ള 37500 രൂപയും റീ ടെൻഷൻ തുക തിരികെ നൽകിയതിനാൽ നികുതികൾ ബാധകമല്ല.

3. എല്ലാ പ്രവർത്തികൾക്കും നിയമപ്രകാരം ഒടുക്കേണ്ടുന്ന വാങ്ങൽ നികുതിയും ക്ഷേമനിധി വിഹിതവും അതാത് പ്രവർത്തികളുടെ ബില്ലിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

(എ) 31-3-2001 വരെ പൂർത്തിയായ പ്രവർത്തികളുടെ വാങ്ങൽ നികുതി തുക 115461 രൂപ ചെക്കു നമ്പർ 00036 തീയതി 31-3-2001 പ്രകാരം ഒടുക്കി.

(ബി) 30-3-2002 വരെ പൂർത്തിയായ പ്രവർത്തികളുടെ തൊഴിലാളി ക്ഷേമനിധി വിഹിതം തുക 17,216 രൂപ ചെക്കു നമ്പർ 053400 തീയതി 30-3-2002 പ്രകാരം ഒടുക്കി.

4. ബ്ലോക്ക് പഞ്ചായത്ത് ടാർ വാങ്ങുന്ന സമയത്തു നൽകുന്ന വിൽപ്പന നികുതി, എക്സൈസ് ഡ്യൂട്ടി , കടത്തു കൂലി, വീപ്പ അടക്കമുള്ള ടാറിന്റെ വില എന്നിവ അടക്കമുള്ള തുകയാണ് കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുള്ളത് എന്നതിനാൽ കരാറുകാരനിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കേണ്ടതില്ല."

77. 19 ഫയലുകളെ സംബന്ധിച്ച ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്സ് തയ്യാറാക്കി രേഖകളുൾപ്പെടെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശത്തിന്മേൽ, പ്രസ്തുത വിഷയത്തിന്മേൽ പുനഃപരിശോധന നടത്തി 15-1-2008-ലെ എൽ.എഫ്. 20846/സ്പെഷ്യൽ ജി.3/07 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :—

"തൊഴിലുറപ്പ് പദ്ധതി: (1996-1997, 1997-98, 98-99)

78. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിൽ പരാമർശിച്ച വൗച്ചർ നമ്പർ 213 മുതൽ 610 വരെയുള്ള ഫയലുകൾ പരിശോധിച്ചു. വാങ്ങൽ നികുതി, ക്ഷേമനിധി വിഹിതം എന്നിവ ബില്ലിൽ നിന്നും പിടിച്ചിട്ടുണ്ട്. ക്ഷേമനിധി വിഹിതം ഒടുക്കിയത് പരിശോധിച്ചു. എന്നാൽ വില്പന/വാങ്ങൽ നികുതി ഒടുക്കിയ ചെല്ലാൻ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ട്രഷറിയിൽ നിന്നും 15-9-2002-ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് അറിയിച്ചു. ചെക്ക് നമ്പർ 000036/31-3-2001 രൂപ 1,15,461 എന്നാൽ ചെല്ലാൻ ഹാജരാക്കുകയുണ്ടായിട്ടില്ല.

79. വൗച്ചർ നമ്പർ 222 പ്രകാരം 77 വീപ്പ ടാറിന്റേയും 223, 448 എന്നീ വൗച്ചറുകൾ പ്രകാരം 8 വീപ്പ ടാറിന്റേയും വില ഈടാക്കിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം പ്രവൃത്തി ചെയ്ത ശ്രീ. കെ. രാഘവന് 77 ബാരൽ ടാർ നൽകിയിട്ടുണ്ട്. വൗച്ചർ നമ്പർ 223, 448 എന്നിവയിലെ പ്രവർത്തികൾക്കായി ശ്രീ. അബ്രഹാം തോമസിന് 8 ബാരൽ ടാർ നല്കിയിട്ടുണ്ട്. 77 ബാരൽ നൽകിയതിന്റെ വിലയായ 64,865 രൂപയും 8 ബാരലിന്റെ വില 6,739 രൂപയുമാണ് ബന്ധപ്പെട്ട ബില്ലുകളിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത്. കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡിൽ നിന്നും ടാർ വാങ്ങിയ ഇൻവോയ്സ് പ്രകാരം 77 ബാരലിന് കയറ്റിറക്ക് കൂലി കൂട്ടാതെ 1,05,810.70 രൂപ വരും (ഇൻവോയ്സ് പ്രകാരം 60 ബാരലിന് 82,449.90 രൂപ 77 ബാരലിന് വില 82,449.90 X 77/60 = 105810.70). അതുപോലെ തന്നെ 8 ബാരലിന്റെ വില ഇൻവോയ്സ് പ്രകാരം 10,993 രൂപ വരും. ഇൻവോയ്സ് പ്രകാരമല്ലാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള ടാറിന്റെ വിലയാണ് ബില്ലിൽ നിന്നും ഈടാക്കിയിട്ടുള്ളത്. അതിനാൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച 85 വീപ്പകളുടെ വില 8500 രൂപയും 10% പ്രകാരം വില്പന നികുതി 850 രൂപയും ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## നിഗമനങ്ങളും/ശുപാർശകളും

80. തൊഴിലുറപ്പു പദ്ധതിയ്ക്കുള്ള ചെലവുകൾ സംബന്ധിച്ച ഫയലുകളിന്മേൽ പുനഃപരിശോധന നടത്തി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ റിപ്പോർട്ടിൽ ഇൻവോയ്സ് പ്രകാരം കയറ്റിറക്കുകൂലി കൂടാതെ 1,05,810.70 രൂപയും 8 ബാരൽ ടാറിന് 10,993 രൂപയുമാണ് ഓഡിറ്റ് വകുപ്പ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട കരാറുകാരുടെ പക്കൽ നിന്നും യഥാക്രമം 77 ബാരൽ ടാറിന് 64,865 രൂപയും 6,739 രൂപയും മാത്രമാണ് ഈടാക്കിയിട്ടുള്ളതായി കാണുന്നത്. ഇൻവോയ്സ് പ്രകാരമല്ലാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള ടാറിന്റെ വില ഈടാക്കുകമൂലം യഥാക്രമം 40,945.70 രൂപയും 4,254 രൂപയും കുറവായാണ് ഈടാക്കിയിട്ടുള്ളതെന്ന് സമിതി കരുതുന്നു. ഇതു കൂടാതെ 85

വീപ്പകളുടെ വിലയായ 8,500 രൂപയും അതിന്മേലുള്ള 10% നികുതിയായ 850 രൂപയും ഈടാക്കേണ്ടതുണ്ട്. ആയതിനാൽ ബ്ലോക്കു പഞ്ചായത്തിനുള്ള യഥാർത്ഥ നഷ്ടം കണക്കാക്കി ആയത് ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കണമെന്നും ഇതു സംബന്ധിച്ച വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## IV. എടക്കാട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ലേബർ കോൺട്രാക്ട് സൊസൈറ്റി വിജയിച്ചില്ല**

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ 5 ലക്ഷം രൂപ വിനിയോഗിച്ച് രൂപീകരിച്ച പെരളശ്ശേരി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വിജയിച്ചില്ല. 43,300 രൂപ പ്രതിവർഷം ലാഭം പ്രതീക്ഷിച്ച പദ്ധതിയിൽ മൂന്ന് വർഷത്തിനുശേഷം നേടാനായത് 42,874 രൂപയാണ്. 1998-99ലാണ് 2 ലക്ഷം രൂപ വകയിരുത്തി സൊസൈറ്റി രൂപീകരണത്തിന് പദ്ധതി തയ്യാറാക്കിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പണികൾ നടത്തുവാനായിരുന്നു സൊസൈറ്റി രൂപീകരിച്ചത്. 1999-2000-ൽ പദ്ധതി വിഹിതത്തിൽ 3 ലക്ഷം രൂപ കൂടി നല്കി. ഓഫീസിനും ഉപകരണങ്ങൾക്കും സൊസൈറ്റി 5,19,918 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം അന്വേഷിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത
റിപ്പോർട്ട് ഖണ്ഡിക നമ്പർ: 4 (12)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2007-ലെ എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :—

81. "എടക്കാട് ബ്ലോക്ക് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പെരളശ്ശേരി, പി. ഒ. മുണ്ടല്ലൂർ-ന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതം വിനിയോഗിച്ച് 22-9-1999-ന് 2 ലക്ഷം രൂപയും, 22-3-2000-ത്തിൽ 3 ലക്ഷം രൂപയും കൂടി ആകെ 5 ലക്ഷം രൂപ നൽകിയിരുന്നു. പ്രസ്തുത സൊസൈറ്റി മക്രേരി വില്ലേജിലെ കോട്ടം ദേശത്ത് റി.സ.7/7-ൽ 3 സെന്റ് സ്ഥലവും 4 മുറികളുമുള്ള ഒരു കെട്ടിടവും കൂടി 2,24,337 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. 80,000 രൂപ ചെലവഴിച്ച് ഈ കെട്ടിടത്തിന്റെ മേൽക്കൂരയിൽ ഷീറ്റ് വിരിക്കുകയും 2,15,581 രൂപ ചെലവഴിച്ച് മെഷീനറികളും ഉപകരണങ്ങളും വാങ്ങുകയും ചെയ്തിട്ടുണ്ട്. മൊത്തം ഈ ഇനത്തിൽ ചെലവ് 5,19,918 രൂപയാണ്. സൊസൈറ്റി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ആസ്തികൾ എല്ലാം കൈവശത്തിലുമുണ്ട്. പ്രോജക്ടിൽ വിഭാവനം ചെയ്തപോലെ ലാഭകരമായി പ്രവർത്തിക്കുവാൻ സൊസൈറ്റിക്ക് കഴിഞ്ഞിട്ടില്ല. 2003-04 വരെ സഹകരണ വകുപ്പ് ഓഡിറ്റ് നടത്തിയിട്ടുണ്ട്. 12-3-2006-ന് സൊസൈറ്റിയുടെ 2006-09 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ആനുകൂല്യമുപയോഗിച്ച് ആർജ്ജിച്ച ആസ്തികൾ ഇപ്പോഴും കൈവശം വെച്ച് ഉപയോഗിച്ചു വരുന്നുണ്ട്. എങ്കിലും സൊസൈറ്റി ഇപ്പോഴും ലാഭകരമായിട്ടല്ല പ്രവർത്തിക്കുന്നത്. പ്രവർത്തനം മെച്ചപ്പെടുത്തുവാൻ പുതിയ ഭരണസമിതിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നതായി സൊസൈറ്റി പ്രസിഡന്റ് അറിയിച്ചിട്ടുമുണ്ട്.

82. ലേബർ സൊസൈറ്റി 1999-ൽ പുതിയതായി രൂപീകരിച്ചതാണെന്നും സൊസൈറ്റിക്ക് കെട്ടിടവും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് 5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് നൽകിയതെന്നും സ്ഥലമുൾപ്പെടെ ഒരു പഴയ കെട്ടിടമാണ് സൊസൈറ്റിക്കായി വാങ്ങിയതെന്നും എടക്കാട് ബി.ഡി.ഒ. സമിതിയിൽ വ്യക്തമാക്കി. പ്ലാൻ ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ സ്ഥലം വാങ്ങുന്നതിന് നൽകിയത് ചട്ടപ്രകാരം അനുവദനീയമല്ലെന്ന് സമിതി ചൂണ്ടിക്കാട്ടുകയും സൊസൈറ്റിയുടെ അസറ്റ് ക്രിയേഷൻ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നാണ് നടന്നിട്ടുള്ളതെന്നു വിലയിരുത്തുകയും ചെയ്തു".

പ്ലാൻ ഫണ്ടിൽ നിന്ന് ഇപ്രകാരം പണം നല്കാമോയെന്നതു സംബന്ധിച്ച് ഓഡിറ്റിന്റെ മറുപടി:—

83. "ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പിന്റെ 3-4-2000-ലെ സ.ഉ. (എംഎസ്.) പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 3-2 പ്രകാരം കൊടുക്കാവുന്നതാണ്. എന്നാൽ ഈ ഉത്തരവിന് 2000-2001 വർഷം മുതൽ മാത്രമാണ് പ്രാബല്യം."

## നിഗമനങ്ങൾ/ശുപാർശകൾ

84. സ്ഥലമുൾപ്പെടെ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ മുഴുവൻ സ്വത്തും ആർജിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നുമുള്ള തുകയാണ് വിനിയോഗിച്ചതെന്നും ഇപ്രകാരം അസറ്റ് ക്രിയേഷന് പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നത് ചട്ടവിരുദ്ധമാണെന്നും വിലയിരുത്തിയ സമിതി ചട്ടവിരുദ്ധമായി പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നത് ക്രമ വിരുദ്ധമാണെന്ന് പഞ്ചായത്തു കൗൺസിലിനെ ഉപദേശിക്കേണ്ടിയിരുന്ന പഞ്ചായത്ത് സെക്രട്ടറി അപ്രകാരം ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്നും, ഇക്കാര്യത്തിൽ സെക്രട്ടറി അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും, ഇക്കാര്യത്തിൽ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടെങ്കിൽ ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. പ്ലാൻ ഫണ്ടിൽ നിന്നും ചെലവാക്കിയ തുക പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് തിരിച്ചടയ്ക്കുകയോ അല്ലെങ്കിൽ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

## V. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ ചെലവ്**

പദ്ധതി നിർവ്വഹണ ചെലവിന് തയ്യാറാക്കിയ പദ്ധതി (പ്രോ.നം.90/2001-2002)യിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 31178 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്—
ഖണ്ഡിക നമ്പർ: 3. 13 (II) 2]

85. (1) 2000-01 സാമ്പത്തിക വർഷത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ ഡിപ്പാർട്ട്മെന്റ് അലോട്ട്മെന്റ് 1800 രൂപ മാത്രമേ അനുവദിക്കപ്പെട്ടിരുന്നുള്ളൂ. മതിയായ

അലോട്ട്മെന്റ് ലഭിക്കാത്ത സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഇലക്ട്രിസിറ്റി കണക്ഷൻ വിച്ഛേദിക്കുന്ന ഘട്ടം വന്നപ്പോഴാണ് 2000 നവംബർ, ഡിസംബർ 2001, ജനുവരി, ഫെബ്രുവരി മാസങ്ങളിലായി കറന്റ് ചാർജ്ജ് പദ്ധതി നിർവ്വഹണ പ്രോജക്ടിൽ നിന്നും അനിവാര്യമായി ചെലവഴിക്കാൻ ഇടയാക്കിയിട്ടുള്ളത്.

(2) ടെലഫോൺ ചാർജ്ജിനത്തിൽ 2000-01-ൽ അലോട്ട്മെന്റ് ലഭിച്ചത് 850 രൂപ മാത്രമായിരുന്നു. മതിയായ അലോട്ട്മെന്റ് ലഭിക്കാത്ത സാഹചര്യത്തിലും ടെലഫോൺ കണക്ഷൻ വിച്ഛേദിക്കുന്ന സാഹചര്യത്തിലുമാണ് 1-3-2001, 30-3-2001 തീയതികളിൽ ടെലഫോൺ ചാർജ്ജ് 1654 രൂപ പദ്ധതി നിർവ്വഹണ പ്രോജക്ടിൽ നിന്നും ചെലവഴിക്കാൻ നിർബന്ധിക്കപ്പെട്ടത്.

(3) 2000-01 സാമ്പത്തിക വർഷത്തിൽ ഓഫീസ് ജീപ്പിന്റെ മെയിന്റനൻസ് റിപ്പയർ ഇനത്തിൽ യാതൊരു അലോട്ട്മെന്റും ലഭിക്കുകയുണ്ടായില്ല. ഓഫീസ് ജീപ്പിന്റെ ബാറ്ററി കേടായി വണ്ടി നിശ്ചലമായ അനിവാര്യ സാഹചര്യത്തിലായിരുന്നു 3,600 രൂപക്ക് എക്സൈഡ് ബാറ്ററി വാങ്ങാനിടയായത്.

(4) ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ സ്കീമുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിനാവശ്യമായ അലമാരകൾ ഇല്ലാതെവന്നപ്പോൾ അവ സൂക്ഷിക്കുന്നതിന് വേണ്ടിയാണ് പദ്ധതി നിർവ്വഹണ പ്രോജക്ടിൽ നിന്നും 19,872 രൂപ ചെലവഴിച്ച് അലമാരകൾ വാങ്ങിയത്. മേൽപ്പറഞ്ഞ ചെലവുകൾ എല്ലാംതന്നെ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനും പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് പ്രവർത്തികൾക്കും വേണ്ടി ഉപകരിച്ചതിനാലും മേൽപ്പറഞ്ഞ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കണമെന്നപേക്ഷിക്കുന്നു. ഇത്തരത്തിൽ ഓഡിറ്റ് പരാമർശങ്ങൾ വന്നശേഷം ഒരിക്കൽപോലും പദ്ധതി നിർവഹണ പ്രോജക്ടിൽ നിന്ന് ഇതുപോലുള്ള ആവശ്യങ്ങൾക്ക് സംഖ്യചെലവഴിച്ചിട്ടില്ലെന്നും മേലിൽ ആവർത്തിക്കില്ലെന്നും ബോദ്ധ്യപ്പെടുത്തിക്കൊള്ളുന്നു.

86. പദ്ധതി നടത്തിപ്പിന് ഗവൺമെന്റ് അനുവദിച്ച തുക സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി 31,178 രൂപ വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച നടപടിക്ക് സമിതി 14-11-2007-ലെ തെളിവെടുപ്പ് വേളയിൽ വിശദീകരണം ആരാഞ്ഞു.

87. ഫോൺ, ഇലക്ട്രിസിറ്റി കണക്ഷൻ എന്നിവ വിച്ഛേദിക്കും എന്ന സന്ദർഭത്തിലാണ് കറണ്ട് ചാർജ്ജും ഫോൺബില്ലും അടയ്ക്കുന്നതിനുവേണ്ടി തുക ചെലവാക്കിയതെന്നും ഇതിന് റാറ്റിഫിക്കേഷൻ വാങ്ങിയിട്ടില്ലെന്നും തളിപ്പറമ്പ് ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

ഓഡിറ്റ് പരാമർശത്തിന്മേൽ ലഭിച്ച ഓഡിറ്റ് വകുപ്പിന്റെ 26-8-2008-ലെ എൽഎഫ്. 18615/Spl.Cell.92/07/നമ്പർ പുനരന്വേഷണ റിപ്പോർട്ടിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:-

88. "സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങിക്കുകയോ പ്ലാൻ ഫണ്ടിലേയ്ക്ക് തുക തിരിച്ച് പിടിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റിൽ നിന്നും തുടർ നടപടികൾക്കായി ഭരണവകുപ്പിന് ശുപാർശ ചെയ്തിട്ടുണ്ട് ".

## നിഗമനങ്ങൾ/ശുപാർശകൾ

89. കറണ്ട് ചാർജ്ജ് അടയ്ക്കുന്നതിനും ടെലഫോൺ ചാർജ്ജ് അടയ്ക്കുന്നതിനും 2000-01 വർഷത്തിൽ 1654 രൂപയും പഞ്ചായത്തുവക ജീപ്പിന്റെ ബാറ്ററി വാങ്ങുന്നതിന് 3600 രൂപയും ഓഫീസിന്റെ ആവശ്യത്തിനായി അലമാര വാങ്ങുന്നതിന് 19,872 രൂപയും

ഉൾപ്പെടെ ആകെ 31,178 രൂപ പദ്ധതി ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് ചട്ടവിരുദ്ധമാണെന്നും ഇപ്രകാരം അനുവദനീയമല്ലാത്ത കാര്യങ്ങൾക്ക് പണം ചെലവഴിച്ചാൽ അതിനെതിരെ സെക്രട്ടറി വിയോജനക്കുറിപ്പ് ഫയലിൽ രേഖപ്പെടുത്തേണ്ടതാണെന്നും അപ്രകാരം ചെയ്യാത്തപക്ഷം ബാദ്ധ്യത സെക്രട്ടറിയ്ക്കായിരിക്കും ഉണ്ടാവുകയെന്നും സമിതി വ്യക്തമാക്കി.

90. വകമാറ്റി ചെലവഴിച്ച തുകയ്ക്ക് 28-5-2009-ലെ സ. ഉ. (സാധാ) നമ്പർ 1250/09/ത.സ്വ.ഭ.വ. എന്ന ഉത്തരവ് പ്രകാരം സർക്കാർ സാധൂകരണം നൽകിയതായി സമിതി മനസ്സിലാക്കുന്നു. 2000-01 വർഷത്തിൽ ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ്, ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് മതിയായ അലോട്ട്മെന്റ് ഡിപ്പാർട്ട്മെന്റിന് ലഭിക്കുന്നതിനാലും തനത് ഫണ്ടിൽ തുക ഇല്ലാത്തതിനാലുമാണ് പ്ലാൻ ഫണ്ടിൽ നിന്നും തുക വകമാറ്റി ചെലവഴിക്കാൻ ഇടയായതെന്നും, ചെലവഴിച്ച പ്ലാൻ ഫണ്ട് തുക ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും കണ്ടെത്താൻ കഴിയുമെന്നും ഗ്രാമ വികസന കമ്മീഷണർ അഭിപ്രായത്തിന്റെ വെളിച്ചത്തിലാണ് 2000-01-ൽ ഓഫീസ് ആവശ്യങ്ങൾക്കായി 31,178 രൂപ പ്ലാൻ ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്ക് 2009-10 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ടി തുക വാർഷിക പദ്ധതിക്കുവേണ്ടി വകയിരുത്തണമെന്നും ഇപ്രകാരം വകയിരുത്തുന്ന തുക 2009-10 വർഷം തന്നെ വിനിയോഗിക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി തദ്ദേശ സ്വയംഭരണ വകുപ്പ് സാധൂകരണം നൽകിയിരിക്കുന്നത്.

91. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽപ്പറഞ്ഞ ഉത്തരവ് തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് കർശനമായി പാലിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

## VI. പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്

**മരാമത്ത് പണികൾക്കായി മുൻകൂർ തുക നൽകിയത് ഫൈനൽ ബില്ലിൽ ക്രമീകരിക്കാത്തത്**

ശിവപുരം കുളം പണിക്ക് മുൻകൂർ നൽകിയ 35,000 രൂപയും മണത്തണ ഓടൻതോട് റോഡ് ടാറിംഗിന് നൽകിയ 30,000 രൂപയും അവസാന ബില്ലുകളിൽ കുറവ് ചെയ്തില്ല. മുൻകൂറുകൾ അവസാന ബില്ലിൽ ക്രമീകരിക്കാത്തത് കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ട(97)ങ്ങളിലെ 13(7)-ന് വിരുദ്ധമായതിനാൽ 65,000 രൂപ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 3. 13 (II) 3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് 12-11-2007-ലെ 66277 എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി

92. പരാമർശത്തിലെ പ്രോജക്ടുകൾക്ക് അഡ്വാൻസായി നൽകിയ തുക പൂർണ്ണമായും തിരിച്ചുപിടിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ:

"1. (a) ശിവപുരം കുളം സംരക്ഷണം: പ്രോജക്ട് നമ്പർ: 13/99-2000 വർഷം: 1999-2000

**അടങ്കൽ തുക : 1,50,000 രൂപ** **ആകെ പ്രവൃത്തിമൂല്യം : 1,49,649**

**അഡ്വാൻസ് നൽകിയ തുക**

| തീയതി | ചെക്ക് നമ്പർ | തുക |
|---|---|---|
| 29-3-2000 | 966625 | 37,500 |
| 22-3-2001 | 129867 | 40,000 |
| | ആകെ | 77,500 |

**ഫൈനൽ ബില്ലിൽ നിന്നും തിരിച്ചു പിടിച്ചത്**

| | | |
|---|---|---|
| അഡ്വാൻസ് | - | 77500 |
| പർച്ചേസ് ടാക്സ് | - | 8380 |
| വർക്കേഴ്സ് വെൽഫയർ ഫണ്ട് | - | 1496 |
| ആകെ | | 87376 |

13-6-2001-ലെ 703567 നമ്പർ ചെക്ക് പ്രകാരം കൺവീനർക്ക് അവസാന ബിൽ അനുസരിച്ച് നൽകിയ തുക: 62624 രൂപ.

1. (b) ശിവപുരം കുളം സംരക്ഷണം:— പ്രോജക്ട് നമ്പർ: 10/01-2002 വർഷം:2001-2002

**അടങ്കൽ തുക : 2,02,000 രൂപ** **ആകെ പ്രവൃത്തിമൂല്യം : 1,98,176**

**അഡ്വാൻസ് നൽകിയ തുക**

| തീയതി | ചെക്ക് നമ്പർ | തുക |
|---|---|---|
| 5-2-2002 | 201661 | 50,000 |
| 30-3-2002 | 201693 | 62,500 |
| | ആകെ | 1,12,500 |

**ഫൈനൽ ബില്ലിൽ നിന്നും തിരിച്ചു പിടിച്ചത്**

| | | |
|---|---|---|
| അഡ്വാൻസ് | - | 1,12,500 |
| പർച്ചേസ് ടാക്സ് | - | 12,763 |
| വർക്കേഴ്സ് വെൽഫയർ ഫണ്ട് | - | 1,982 |
| ആകെ | | 1,27,245 |

30-6-2003 തീയതിയിലെ ഫൈനൽ ബില്ല് പ്രകാരം കൺവീനർക്ക് നൽകിയ തുക- 72755

2. (a) മണത്തണ ഓടന്തോട് റോഡ് റീ-ടാറിംഗ്:— പ്രോജക്ട് നമ്പർ: 96/99-00 വർഷം:1999-2000

**അടങ്കൽ തുക : 1,03,500** **ആകെ പ്രവൃത്തിമൂല്യം : 1,07,699**

**അഡ്വാൻസ് നൽകിയ തുക**

| തീയതി | ചെക്ക് നമ്പർ | തുക |
|---|---|---|
| 29-3-2000 | 96634 | 25,000 |
| 26-8-2000 | 129701 | 30,000 |
| | ആകെ | 55,000 |

**ഫൈനൽ ബില്ലിൽ നിന്നും തിരിച്ചുപിടിച്ചത്**

| | |
|---|---|
| അഡ്വാൻസ് | 55000 |
| പർച്ചേസ് ടാക്സ് | 6031 |
| വർക്കേഴ്സ് വെൽഫെയർ ഫണ്ട് | 1077 |
| ടാർ വില | 45021 |
| ആകെ | 1,07,129 |

30-3-2002 തീയതിയിലെ ഫൈനൽ ബില്ല് പ്രകാരം കൺവീനർക്ക് നൽകിയ തുക- 570 രൂപ.

2. (b) മണത്തണ ഓടന്തോട് റോഡ് റീ ടാറിംഗ്:— പ്രോജക്ട് നമ്പർ: 55/2000-01 വർഷം: 2000-2001

**അടങ്കൽ തുക : 2,19,219 രൂപ**

**ആകെ പ്രവൃത്തിമൂല്യം : 2,19,219**

**അഡ്വാൻസ് നൽകിയ തുക**

| തീയതി | ചെക്ക് നമ്പർ | തുക |
|---|---|---|
| 22-3-2001 | 129798 | 50,000 |
| 24-4-2001 | 703535 | 5,000 |
| 26-4-2001 | 703538 | 5,000 |
| 28-4-2001 | 703544 | 5,000 |
| 30-4-2001 | 703546 | 5,000 |
| 19-6-2001 | 703569 | 10,000 |
| | ആകെ | 80,000 |

**ഫൈനൽ ബില്ലിൽ നിന്നും തിരിച്ചു പിടിച്ചത്**

| | | |
|---|---|---|
| അഡ്വാൻസ് | — | 80,000 രൂപ |
| ടാറിന്റെ വില | — | 95,426 രൂപ |
| കാലിവീപ്പയുടെ വില | — | 4,730 രൂപ |
| റോഡ് റോളർ വാടക | — | 8,240 രൂപ |
| വില്പന നികുതി | — | 12,276 രൂപ |
| വർക്കേഴ്സ് വെൽഫെയർ ഫണ്ട് | — | 2,192 രൂപ |
| ആകെ | | 2,02,864 രൂപ |

93. 30-5-2002 തീയതിയിലെ ഫൈനൽ ബില്ല് പ്രകാരം കൺവീനർക്ക് നൽകിയ തുക—16355 രൂപ

94. മരാമത്ത് പണികൾക്കായി മുൻകൂർ തുക നൽകിയത് ഫൈനൽ ബില്ലിൽ ക്രമീകരിക്കാത്തതു സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞു. ഒരേ പേരിൽ രണ്ടു വർഷങ്ങളിലായി രണ്ടുവർക്കുകളുണ്ടായെന്നും അഡ്വാൻസായി നൽകിയ തുക തിരിച്ചു പിടിച്ച ശേഷമാണ് ബാക്കി നൽകിയതെന്നും 1999-2000-ലും 2001-2002-ലും ശിവപുരം കുളം സംരക്ഷണം നടത്തിയിട്ടുണ്ടെന്നും രണ്ടു വർക്കുകളുടേയും അന്തിമ പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയത് ഇടകലർന്നു പോയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നും പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. സമിതിയെ അറിയിച്ചു. ഒന്നാമത്തെ പ്രോജക്ടിൽ ശിവപുരം കുളം സംരക്ഷണം-പ്രോജക്ട് നമ്പർ 13/99-00 ഉം, രണ്ടാമത്തേത് ശിവപുരം കുളം നിർമ്മാണം-പ്രോജക്ട് നമ്പർ 10/2001-02-ഉം ആണെന്നും കുളത്തിന്റെ പാർശ്വഭിത്തി നിർമ്മാണവും കുളം വൃത്തിയാക്കലുമാണ് ഒന്നാമത്തേയും രണ്ടാമത്തേയും പ്രോജക്ടിൽ ഉൾപ്പെട്ടിരുന്നതെന്നും ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

95. ആകെ പ്രവൃത്തിമൂല്യം 1,49,649 രൂപയാണെന്നും അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്ത് 87,376 രൂപയാണെന്നും 1,50,000 രൂപ അടങ്കൽ തുകയുണ്ടെന്നും വാല്യുവേഷൻ കുറവാണെങ്കിലും തുക റൗണ്ട് ചെയ്ത് 351 രൂപയുംകൂടി കൊടുത്തിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഡയറക്ടർ വ്യക്തമാക്കി. അഡ്വാൻസ് 77,500 രൂപ പർച്ചേസ് ടാക്സ് 8,380 രൂപ വർക്കേഴ്സ് വെൽഫെയർ ഫണ്ട് 1,486 രൂപ എന്നിവയുൾപ്പെടെ മൊത്തം 87,876 രൂപ ഫൈനൽ ബില്ലിൽ നിന്നും തിരിച്ചു പിടിച്ചുവെന്നും അടങ്കൽ തുകയിൽ നിന്ന് 87,376 രൂപ കുറച്ചുള്ള തുക കൊടുത്തെന്നും ഡയറക്ടർ അറിയിച്ചു.

96. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ഇതു സംബന്ധിച്ച എം.ബുക്ക്, പ്ലാൻ, ബന്ധപ്പെട്ട ഫയൽ എന്നിവ ഹാജരാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

97. പേരാവൂർ പഞ്ചായത്തിലെ കുളം സംരക്ഷണവും റോഡ് നിർമ്മാണവും സംബന്ധിച്ച് തിരിമറി നടത്തിയിട്ടുണ്ടെന്ന് സംശയിക്കുന്നതിനാലും ഈ പരാമർശത്തിന്മേലുള്ള പേരാവൂർ ബി.ഡി.ഒ.യുടെ വിശദീകരണം തൃപ്തികരമല്ലാത്തതിനാലും പ്രസ്തുത സ്ഥലം സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചു.

സമിതിയുടെ നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃപരിശോധന നടത്തി 15-1-2008-ലെ എൽ.എഫ്. 20846/സ്പെ. സെൽ. ജി3/07/ നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :—

98. "ശിവപുരം കുളം നിർമ്മാണം-ശിവപുരം മഹാദേവ ക്ഷേത്രക്കുളം സംരക്ഷിക്കുന്നതിന് 1999-2000 വർഷം 1,60,000 രൂപയുടെ എസ്റ്റിമേറ്റിൽ നടപ്പാക്കിയ പ്രവർത്തിയുടെ കൺവീനർ കെ.പി.കുഞ്ഞികൃഷ്ണൻ 9-3-2000-ന് 74/99-2000 നമ്പർ കരാർ പ്രകാരം പ്രവൃത്തി ഏറ്റെടുക്കുകയും 29-3-2000-ന് 37,500 രൂപ മൊബിലൈസേഷൻ അഡ്വാൻസും 22-3-2001-ന് 40,000 രൂപ സെക്യേർഡ് അഡ്വാൻസും ഉൾപ്പെടെ 77,500 രൂപ കൈപ്പറ്റിയിട്ടുണ്ട്. പ്രവർത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് നമ്പർ 12/98-99 പേജ് 17-24 അനുസരിച്ച് ആകെ പ്രവർത്തി മൂല്യം തുക 1,49,525 രൂപയും നികുതികൾ ഉൾപ്പെടെ ആകെ തുക 1,59,525 രൂപയുമാണ്. ഈ തുക പദ്ധതി വിഹിതം വകയിരുത്തിയ 1,50,000 രൂപയിൽ നിജപ്പെടുത്തി താഴെ കാണിച്ച പ്രകാരം അവസാന ബിൽ തുക നൽകിയിട്ടുണ്ട്.

**ബിൽ തുക**

| | | |
|---|---|---|
| കുറയ്ക്കുക | മുൻകൂർ നൽകിയത് | — 77,500 + |
| | നികുതികൾ | — 9,876 |
| | അവസാന ബിൽ തുക | — 62,624 |

(വൗച്ചർ നമ്പർ 42/13-6-01)

മേൽ കാണിച്ചപ്രകാരം ബിൽ തുക നൽകിയതിൽ അപാകതയില്ല.

**ശിവപുരം കുളം നിർമ്മാണം—2001-02**

99. ശിവപുരം മഹാദേവ ക്ഷേത്രക്കുളം സംരക്ഷിക്കുന്ന പ്രവർത്തിക്കായി 2001-02 വർഷം 2,02,000 രൂപയുടെ എസ്റ്റിമേറ്റുള്ള പ്രവർത്തിയുടെ കൺവീനർ കെ. പി. കുഞ്ഞികൃഷ്ണൻ 30-1-02-ന് 6/01-02 നമ്പർ കരാർ പ്രകാരം പ്രവൃത്തി ഏറ്റെടുക്കുകയും താഴെക്കാണിച്ച പ്രകാരം മുൻകൂർ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

| | (രൂപ) |
|---|---|
| വൗച്ചർ 132/5-2-2002 | 50,000 |
| വൗച്ചർ 164/30-3-2002 | 62,500 |
| ആകെ | 1,12,500 |

100. പ്രവർത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് 77/99-2000 പേജ് 27 മുതൽ 41 അനുസരിച്ച് ആകെ പ്രവർത്തിയുടെ മൂല്യം 1,98,176 രൂപയും (നികുതികൾ ഉൾപ്പെടെ 14,745 രൂപയും) 21,291 രൂപ പദ്ധതി വിഹിതം വകയിരുത്തിയ 2,00,000 രൂപയിൽ നിജപ്പെടുത്തി കാണിച്ച പ്രകാരം അവസാന ബിൽ നൽകിയിട്ടുണ്ട്.

| | | (രൂപ) |
|---|---|---|
| ബിൽ തുക | : | 2,00,000 |
| മുൻകൂർ തുക | : | 1,12,500 |
| നികുതികൾ | : | 14,745 |
| അവസാന ബിൽ തുക വൗച്ചർ 43/30-6-2003 | : | 72,755 |

മേൽ കാണിച്ചപ്രകാരം ബിൽ തുക നൽകിയതിലും അപാകതയില്ല.

101. 1999-2000-ലെ പ്രവൃത്തിയുടേയും 2001-02-ലെ പ്രവൃത്തിയുടേയും മുൻ കൂറുകൾ നല്കിയത് പ്രത്യേകമായി രേഖപ്പെടുത്താത്തതിനാലും ബന്ധപ്പെട്ട ഫയലുകൾ യഥാസമയം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കാത്തതിനാലുമാണ് ഓഡിറ്റിൽ പരാമർശം ഉന്ന യിക്കാനിടയായിട്ടുള്ളത്. ഭാവിയിൽ ബന്ധപ്പെട്ട ഫയലുകളും രേഖകളും യഥാസമയം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാൻ നടപടി സ്വീക രിക്കാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകാവുന്നതാണ്. മേൽ വിവരിച്ച സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അംഗീകരിച്ച് തടസ്സം ഒഴിവാക്കാവുന്നതാ ണെന്ന് റിപ്പോർട്ട് ചെയ്യുന്നു.

**മണത്തണ—ഓടൻതോട് റോഡ് ടാറിംഗ്**

102. (i) മണത്തണ ഓടൻതോട് പ്രവൃത്തിയ്ക്ക് (ചെയിനേജ് 1/000 മുതൽ 1/350 വരെ) 1999-2000 വർഷം 1,03,500 രൂപയുടെ എസ്റ്റിമേറ്റുള്ള പ്രവർത്തിയുടെ കൺവീനർ ഫാദർ എബ്രഹാം പന്തലാനിക്കൽ 29-3-2000-ലെ 91/99-2000 നമ്പർ കരാർ പ്രകാരം ഏറ്റെടുക്കുകയും 29-3-2000-ന് 25,000 രൂപയും 26-8-2000-ന് 30,000 രൂപയും മുൻകൂർ കൈപ്പറ്റിയിട്ടുണ്ട്. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് 13/99-2000 പേജ് 1-23 പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 1,07,699 രൂപയാണ്. ഇത് പ്ലാൻ ഫണ്ടിനത്തിൽ വകയിരുത്തിയ 1,03,500 രൂപയിൽ നിജപ്പെടുത്തി കാണുന്നില്ല. അവസാന ബിൽ തുക നൽകിയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| അവസാന ബിൽ തുക | — | 1,07,699 |
| കുറയ്ക്കുക മുൻകൂർ | — | 55,000 |
| ടാർവില | — | 45,021 |
| നികുതികൾ | — | 7,108 |

അവസാന ബിൽ തുക വൗച്ചർ : 175/30-3-02 570 രൂപ

(ii) മണത്തണ ഓടൻതോട് റോഡ് പ്രവർത്തിക്ക് ചെയിനേജ് 00/350 മുതൽ 0/750 വരെ 1999-2000 വർഷം 1,02,000 രൂപയുടെ എസ്റ്റിമേറ്റുള്ള പ്രവർത്തിയുടെ കൺവീനർ വി. ടി.ജോസഫ് 23-3-2000-ലെ 88/99-00 നമ്പർ കരാർ പ്രകാരം ഏറ്റെടുത്ത് താഴെ കാണിച്ച പ്രകാരം മുൻകൂർ കൈപ്പറ്റിയിട്ടുണ്ട്.

| | | |
|---|---|---|
| | | (രൂപ) |
| വൗച്ചർ 474/29-3-2000 | .. | 25,000 |
| വൗച്ചർ 132/31-8-2000 | .. | 15,000 |
| വൗച്ചർ 232/29-3-2001 | .. | 10,000 |
| ആകെ | | 50,000 |

മേൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഫയലിൽ ലഭ്യമായ ബിൽ പ്രകാരം പ്രവർത്തിയുടെ മൂല്യം 1,16,411 രൂപയാണ്. എന്നാൽ എസ്റ്റിമേറ്റ് തുകയായ 1,02,000 രൂപ നിജപ്പെടുത്താതെ ബിൽ തുക താഴെ കാണിച്ച പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| ബിൽ തുക | — | 1,16,411 |
| കുറയ്ക്കുക മുൻകൂർ | — | 50,000 |
| ടാർവില | — | 48,773 |
| നികുതികൾ | — | 7,683 |
| അവസാന ബിൽ തുക | — | 9,954 |

വൗച്ചർ 177/30-3-2002

(iii) മണത്തണ ഓടൻ തോട് പ്രവർത്തിക്ക് (ചെയിൻ 1/750 മുതൽ 2/350 വരെ) 2000-01 വർഷം 2,05,000 രൂപയുടെ എസ്റ്റിമേറ്റുള്ള പ്രവർത്തി കൺവീനർ ചാക്കോ പയ്യപള്ളിയിൽ 16-2-2001-ന് 8/2000-2001 നമ്പർ കരാർ പ്രകാരം ഏറ്റെടുത്ത് താഴെ കാണിച്ച പ്രകാരം മുൻകൂർ കൈപ്പറ്റിയിട്ടുണ്ട്.

| | | |
|---|---|---|
| | | (രൂപ) |
| വൗച്ചർ നമ്പർ 219/22-3-2001 | .. | 50,000 |
| വൗച്ചർനമ്പർ 10/24-4-2001 | .. | 5,000 |
| വൗച്ചർ നമ്പർ 13/26-4-2001 | .. | 5,000 |
| വൗച്ചർ നമ്പർ 19/28-4-2001 | .. | 5,000 |
| വൗച്ചർ നമ്പർ 21/30-4-2001 | .. | 5,000 |
| വൗച്ചർ നമ്പർ 44/19-6-01 | .. | 10,000 |
| ആകെ | .. | 80,000 |

103. മേൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് 31/99-2000 പേജ് 1 മുതൽ 17 വരെ അനുസരിച്ച് പ്രവൃത്തിയുടെ ആകെ മൂല്യം 2,19,219 രൂപയാണ്. എസ്റ്റിമേറ്റിൽ കൂടുതലായി ചെയ്ത പ്രവർത്തിയുടെ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെക്കാണിച്ച പ്രകാരം ബിൽ തുക നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| ആകെ ബിൽ തുക | — | 2,19,219 |
| കുറയ്ക്കുക മുൻകൂർ | — | 80,000 |
| ടാർവില | — | 95,426 |
| ഒഴിഞ്ഞ വീപ്പ വില | — | 4,730 |
| റോളർ ചാർജ്ജ് (വാടക) | — | 8,240 |
| നികുതികൾ | — | 14,468 |
| അവസാന ബിൽ തുക | — | 16,355 |

വൗച്ചർ 176/30-3-2002

104. ഓഡിറ്റ് തടസ്സത്തിൽ ചൂണ്ടിക്കാണിച്ച പ്രവർത്തി മുകളിൽ ഒന്നാമതായി കാണിച്ച 1/00 മുതൽ 1/350 വരെയുള്ള ചെയിനേജിലെ 1,03,500 രൂപ വരെ എസ്റ്റിമേറ്റുള്ള പ്രവർത്തിയാണ്. ഈ പ്രവർത്തിക്ക് ഫയൽ പ്രകാരം 55,000 രൂപ മാത്രമാണ്, മുൻ കൂറായി കൺവീനർക്ക് നൽകിയിട്ടുള്ളത്. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 1,35,000 രൂപ മേൽപ്പറഞ്ഞ 55,000 രൂപയിൽ ഉൾപ്പെടെ 25-8-2000-ലെ വൗച്ചർ 125 പ്രകാരം നൽകിയ 30,000 രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. 29-3-2000-ന് മുൻകൂർ നല്കിയ 25,000 രൂപ ഉൾപ്പെടുന്നില്ല. മേൽപ്പറഞ്ഞ 30,000 രൂപ കഴിച്ച് ബാക്കിയുള്ള 1,05,000 രൂപയിൽ 80,000 രൂപ (വൗച്ചർ 10,13,19,21/4-01, 44/6-01, 219/3-01) മുകളിൽ മൂന്നാമതായി കാണിച്ച 1/750 മുതൽ 2/350 വരെയുള്ള ചെയിനേജിലെ പ്രവർത്തിക്ക് നൽകിയ മുൻകൂർ തുകയാണ് വൗച്ചർ 132/8-2000 പ്രകാരം നൽകിയ 15,000 രൂപ, 232/31-3-2001 പ്രകാരം നൽകിയ 10,000 രൂപ എന്നിവ ഉൾപ്പെടെ ആകെ 25,000 രൂപ മുകളിൽ രണ്ടാമത്തെ ഇനമായി കാണിച്ച 0/350 മുതൽ 0/750 വരെയുള്ള ചെയിനേജിലെ പ്രവർത്തികൾക്കുള്ള മുൻകൂർ തുകയാണ്.

105. വിവിധ ചെയിനേജുകളിലായി വ്യത്യസ്ത കൺവീനർമാർക്ക് നല്കിയ മുൻകൂർ തുക സംബന്ധിച്ച ഫയലുകളും വ്യക്തമായ വിവരണവും ഓഡിറ്റ് സമയത്ത് ലഭ്യമാക്കാത്തതിനാലാണ് ഓഡിറ്റ് തടസ്സം ഉന്നയിക്കാൻ കാരണമായിട്ടുള്ളത്.

106. ഫയലുകൾ പരിശോധിച്ചതിൽ മുൻകൂർ ഇനത്തിൽ നല്കിയ തുക ഈടാക്കാൻ ബാക്കിയില്ലാത്ത നിലയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി സ്വീകരിച്ച് തടസ്സം ഒഴിവാക്കാവുന്നതാണ്. ഭാവിയിൽ ഓഡിറ്റ് സമയത്ത് ബന്ധപ്പെട്ട ഫയലുകളും റിക്കാർഡുകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും ഓഡിറ്റ് തടസ്സങ്ങൾ യഥാസമയം മറുപടി നല്കി ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകാവുന്നതാണ്."

107. സമിതി നേരിട്ട് ശിവപുരം കുളം സന്ദർശിച്ചതിൽ, പ്രോജക്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയായ വസ്തുതകൾ അല്ലെന്ന് സമിതി കണ്ടെത്തി. ശിവപുരം കുളം സംരക്ഷണ പദ്ധതിയിൽ മത്സ്യം വളർത്തുന്നതിനും, നീന്തലിനും ജലസേചനത്തിനും കുളം ഉപയോഗ യോഗ്യമാക്കുമെന്നാണ് പറഞ്ഞിട്ടുള്ളതെങ്കിലും പായൽ നിറഞ്ഞു കിടക്കുന്ന കുളത്തിൽ നീന്തൽ നടക്കുന്നില്ലെന്നും പമ്പ് സെറ്റ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ജലസേചനത്തിനും കൃഷിക്കും ഉപയോഗിക്കുന്നില്ലെന്നും മീൻ വളർത്തലും ഇല്ലെന്നും സമിതിയ്ക്ക് ബോധ്യമായി.

108. ബ്ലോക്കിന്റെ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന വർക്കാണെങ്കിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ബോർഡ് സ്ഥാപിക്കേണ്ടതാണെന്നും എന്നാൽ പ്രസ്തുത കുളത്തിന്റെ വശത്ത് ക്ഷേത്ര ഭരണസമിതിയുടെ ബോർഡാണ് സ്ഥാപിച്ചിട്ടുള്ളതെന്നും സമിതി ചൂണ്ടിക്കാട്ടി. നിർമ്മാണം കഴിഞ്ഞതിനാൽ നിയമപ്രകാരം അവിടെ പഞ്ചായത്തിന്റെ ബോർഡ് സ്ഥാപിക്കേണ്ടതും അതിൽ അടങ്കൽ തുകയും ആരാണ് വർക്ക് ചെയ്തതെന്നും കാണിക്കേണ്ടതാണെന്നും ബോർഡ് സ്ഥാപിച്ചതിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതാണെന്നും സമിതി വ്യക്തമാക്കി.

109. മണത്തണ-ഓടൻതോട് പണിയുടെ കുറച്ച് ഭാഗം ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുണ്ടെന്ന് ഓവർസീയർ അറിയിച്ചതിന്, ബ്ലോക്ക് പഞ്ചായത്ത് ചെയ്തിട്ടുള്ള ഭാഗം ബോർഡ് വച്ച് പ്രദർശിപ്പിക്കേണ്ടതായിരുന്നുവെന്നും ഇവിടെ ചട്ടപ്രകാരമുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല എന്നും സമിതി അഭിപ്രായപ്പെട്ടു.

110. സമിതി എം.ബുക്കും പ്രോജക്ടും പരിശോധിച്ചതിൽ ശിവപുരം കുളത്തിന്റെ 1999-2000-ലെ വർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് കാണാനില്ലെന്നും 2001-2002-ലെ പ്രോജക്ട് റിപ്പോർട്ട് മാത്രമേയുള്ളൂവെന്നും മനസ്സിലാക്കുകയും രണ്ടാമത്തെ പ്രോജക്ട് പരിശോധിച്ചതിൽ പ്രസ്തുത പ്രോജക്ടിന്റെ ഉദ്ദേശം ഫലപ്രാപ്തിയിലെത്തിയില്ലെന്നും പായൽ നിറഞ്ഞു കിടക്കുന്ന പ്രസ്തുത കുളം നീന്തൽ കുളമായും ജലസേചനത്തിനും ഉപയോഗിക്കാൻ കഴിയുകയില്ലെന്നും വളരെക്കുറച്ചു പേർക്കു മാത്രമാണ് ക്ഷേത്രക്കുളത്തിന്റെ ഗുണം ലഭിക്കുന്നതെന്നും സമിതിക്ക് ബോധ്യമായി. ഗവൺമെന്റ് പ്ലാൻ ഫണ്ട് ഇത്തരം കാര്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്നും പൊതുവായ ആവശ്യത്തിനു മാത്രമേ ചെലവഴിയ്ക്കാവൂ എന്നും സമിതി അഭിപ്രായപ്പെട്ടു.

111. മണത്തണ റോഡിനെ സംബന്ധിച്ച എം.ബുക്കും പ്രോജക്ടും പരിശോധിച്ചതിൽ അത്തിപ്പാലം എന്ന സ്ഥലത്തുനിന്നാണ് പ്രസ്തുത റോഡ് ആരംഭിച്ചിരിക്കുന്നതെന്നും പ്രോജക്ടിലെ ചെയിനേജിൽ 0/350 എന്നുള്ളത് 1/350 എന്ന് തിരുത്തിയിട്ടതായി സമിതി കണ്ടെത്തുകയും ഇത് സംശയങ്ങൾക്ക് ഇടനൽകുന്നുവെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. സർക്കാർ ഫണ്ട് ചെലവഴിക്കുന്നതിന് ചില വ്യവസ്ഥകളുണ്ടെന്നും ആ വ്യവസ്ഥകൾ ഇവിടെ പാലിച്ചല്ല വർക്ക് ചെയ്തിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

112. ആയതിനാൽ ശിവപുരം കുളത്തിന്റേയും റോഡിന്റേയും എം.ബുക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഒന്നുകൂടി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

113. സമിതി നിർദ്ദേശമനുസരിച്ച് 6-2-2008-ലെ എൽ.എഫ്.2356/സ്പെഷ്യൽ സെൽ (ജി3)/08 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ട് വകുപ്പിൽ നിന്നും ലഭ്യമാക്കിയ മണത്തണ ഓടൻതോട് റോഡ് റീടാറിംഗ് പ്രവൃത്തിയുടെ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :—

114. "മണത്തണ-ഓടൻതോട് റോഡ് റീ ടാറിംഗ് പ്രവൃത്തിയുടെ 1/350-1/759 ചെയിനേജുകളിലെ പ്രവൃത്തിയുടെ മെഷർമെന്റ് ബുക്ക്, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഗുരുതരമായ അപാകതകൾ ഒന്നും ഇല്ലെന്നും കൺവീനർക്ക് അർഹമായതിൽ അധികം തുക നൽകിയിട്ടില്ലെന്നും റിപ്പോർട്ട് ചെയ്യുന്നു."

തുടർന്ന് ഓഡിറ്റ് ഡയറക്ടറുടെ 26-8-2008-ലെ എൽ.എഫ്. 18615/സ്പെ.സെൽ. ജി2/07 നമ്പർ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

115. "ശിവപുരം കുളം നിർമ്മാണം പ്രവൃത്തിക്ക് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 1,12,500 രൂപ മുൻകൂർ നൽകിയാണ് രേഖപ്പെടുത്തിയത്. ഈ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ മെഷർമെന്റ് ബുക്ക് 77/1999-2000 പേജ് 27 മുതൽ 41 അനുസരിച്ച് ഈ പ്രവർത്തിയുടെ മൂല്യം 1,98,176 രൂപയും നികുതി ഉൾപ്പെടെ (നികുതി-14,475 രൂപയും) ആകെ 2,12,921 രൂപയുമാണ്.

പദ്ധതി വിഹിതം വകയിരുത്തിയ 2,00,000 രൂപയിൽ നിജപ്പെടുത്തി താഴെ കാണിച്ച പ്രകാരം അവസാന ബിൽ തുക നൽകിയിട്ടുണ്ട്. ബിൽ തുക 2,00,000 രൂപ (നിജപ്പെടുത്തിയത്)

**കുറയ്ക്കുക** :

| | | | |
|---|---|---|---|
| മുൻകൂർ തുക | — | 1,12,500 | |
| നികുതികൾ | — | 14,745 | |
| അവസാന ബിൽ തുക | — | 72,755 | രൂപ |

വൗച്ചർ: 43/30-06-2003

മേൽക്കാണിച്ച പ്രകാരം ബിൽ തുക നൽകിയതിൽ അപാകതയില്ല.

116. 1999-2000-ലെ ഇതേ പ്രവർത്തിയുടെയും 2001-2002-ലെ പ്രവർത്തിയുടേയും മുൻകൂറുകൾ പ്രത്യേകമായി രേഖപ്പെടുത്താത്തതിനാലും ബന്ധപ്പെട്ട ഫയലുകൾ യഥാസമയം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലുമാണ് ഓഡിറ്റിൽ തടസ്സം ഉന്നയിക്കാനിടയായത്. ആയതിനാൽ ഈ ഇനത്തിൽ ഓഡിറ്റിൽ പരാമർശിച്ച 35,000 രൂപയുടെ നഷ്ടത്തിനുമേൽനടപടികൾ തുടരേണ്ടതില്ലെന്ന് അഭിപ്രായപ്പെടുന്നു."

## നിഗമനങ്ങൾ/ശുപാർശകൾ

117. ശിവപുരം മഹാദേവ കുളം സംരക്ഷണം എന്ന പ്രോജക്ടുകൊണ്ട് പൊതുജനങ്ങൾക്ക് വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ലെന്നും പ്രോജക്ട് റിപ്പോർട്ടിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം ഈ കുളം നീന്തലിനും, മത്സ്യം വളർത്തുന്നതിനും, ജലസേചനത്തിനും ഉപയോഗിക്കുന്നില്ലെന്നും പായൽവന്ന് മൂടിക്കിടക്കുന്ന കുളം ക്ഷേത്രക്കുളമായതിനാൽ ഒരു വിഭാഗം ജനങ്ങൾ കുളിക്കുന്നതിനു മാത്രമാണ് ഉപയോഗിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു. തന്നെയുമല്ല കുളം സംരക്ഷിച്ചത് സംബന്ധിച്ചോ പണി ചെയ്തതു സംബന്ധിച്ചോ ബ്ലോക്കു പഞ്ചായത്തിന്റെ ബോർഡോ മറ്റു യാതൊരു തെളിവും കുളത്തിന്റെ പരിസരത്തു സ്ഥാപിച്ചിട്ടില്ല എന്നും മറിച്ച് ക്ഷേത്രഭരണ സമിതി വക ബോർഡാണ് കുളത്തിന്റെ പാർശ്വഭിത്തിയിൽ പ്രദർശിപ്പിച്ചിരിക്കുന്നത് എന്നതിനാൽ ചെലവു കാണിച്ചിട്ടുണ്ടെങ്കിലും പണി ആരാണ് യഥാർത്ഥത്തിൽ നടത്തിയിരിക്കുന്നത് എന്ന് അവ്യക്തമാണെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. പൊതുധനം ഇപ്രകാരം മാനദണ്ഡമില്ലാതെ പ്രയോജനരഹിതമായ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് ആശാസ്യമല്ലെന്നും മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുതെന്നും സമിതി നിർദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന പണികളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ബോർഡ് പണിസ്ഥലത്ത് സ്ഥാപിക്കുന്നതിന് ജാഗ്രത ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

118. മണത്തണ, ഓടൻതോട് റോഡ് റീ ടാറിംഗ് പ്രവൃത്തിയുടെ 1/350–1/750 ചെയിനേജുകളിലെ പ്രവൃത്തിയുടെ മെഷർമെന്റ് ബുക്ക്, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ഗുരുതരമായ അപാകതകൾ ഒന്നും ഇല്ലെന്നും കൺവീനർക്ക് അർഹമായതിൽ അധികം തുക നൽകിയിട്ടില്ലെന്നുമുള്ള ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 6–2–2008–ലെ എൽ. എഫ്. 2356/സ്പെ. സെൽ (ജി3)08/നമ്പർ കത്ത് പ്രകാരമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.'

119. ശിവപുരം കുളം നിർമ്മാണവുമായി ബന്ധപ്പെട്ട് 1999–2000, 2000–2001 എന്നീ വർഷങ്ങളിലെ പ്രവൃത്തികളുടെ മുൻകൂറുകൾ പ്രത്യേകമായി രേഖപ്പെടുത്താത്തതിനാലും ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലുമാണ് 35,000 രൂപയുടെ ഓഡിറ്റ് തടസ്സം ഉന്നയിക്കാൻ ഇടയായത് എന്നും എന്നാൽ അവ പിന്നീട് ഹാജരാക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്തുവെന്ന ഓഡിറ്റ് ഡയറക്ടറുടെ 26–8–2008–ലെ 1865/സ്പെ.സെൽ.ജി 2/07 എന്ന നമ്പർ കത്തിലുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

തിരുവനന്തപുരം,<br>
6-7-2009.

**എൻ. അനിരുദ്ധൻ,**<br>
*ചെയർമാൻ,*<br>
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 21 | ഇപ്രകാരം 100% സബ്സിഡി നൽകിയതിന് ഗവണ്മെന്റിൽ നിന്നും സാധൂകരണം വാങ്ങുകയുണ്ടായോ എന്നും സാധൂകരണം വാങ്ങിയിട്ടില്ലെങ്കിൽ ഗവണ്മെന്റ് ഉത്തരവ് ലംഘിച്ച് സബ്സിഡി നൽകാൻ തീരുമാനിച്ച ബ്ലോക്ക് പഞ്ചായത്ത് സിമിതിയുടെയും പഞ്ചായത്ത് സെക്രട്ടറിയുടെയും പേരിൽ ഉത്തരവാദിത്വം നിശ്ചയിച്ച് മേലിൽ ഇപ്രകാരം ആവർത്തിക്കരുതെന്ന് നിർദ്ദേശം നൽകുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 2 | ,, | 22 | ആയതിനാൽ പ്രോജക്ട് റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ച് കണ്ണവം കേന്ദ്രത്തിന് ചർക്കകൾ നൽകാനുള്ള തീരുമാനത്തിന് സാധൂകരണം നൽകിയിരുന്നോ എന്നതു സംബന്ധിച്ച് സമിതിക്ക് വിശദീകരണം നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു. സാധൂകരണം നൽകിയിട്ടില്ലെങ്കിൽ കണ്ണവം കേന്ദ്രത്തിന് നൽകിയ ചർക്കകളുടെ വില പയ്യന്നൂർ ഖാദി കേന്ദ്രത്തിൽ നിന്നും തിരികെ ഈടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3 | ,, | 23 | ഈ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി, ഖാദി കേന്ദ്രത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിലെയും ഫയലുകൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 32 | നബാർഡ് സ്കീം പ്രകാരം നടത്തിയ മൂന്നാം പീടിക-വട്ടിപ്രം റോഡുപണിയിൽ 5.6% വില്പന നികുതിയും 15% സർചാർജും ഈടാക്കണമെന്നിരിക്കെ പുതുക്കിയ സാങ്കേതികാനുമതിയിലും ബിൽ തുക കണക്കാക്കുന്നതിലും 2.1% നിരക്കിൽ മാത്രം വിൽപ്പന നികുതി കണക്കാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് പരിശോധിക്കുകയും നിലവിലുള്ള നിരക്കിൽ വില്പന നികുതി ഈടാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വില്പന നികുതി ഈടാക്കിയത് സംബന്ധിച്ച വിശദവിവരങ്ങൾ സമിതിക്ക് നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു. |
| 5 | ,, | 32 (a) | സെക്യേർഡ് അഡ്വാൻസായി നൽകിയ 2,50,000 രൂപ ഉപയോഗിച്ചാണ് പണിക്കായുള്ള സാധന സാമഗ്രികൾ വാങ്ങിയതെന്നതിനാലും ഈ സാധനങ്ങൾ ഉപയോഗിച്ച് നടത്തിയ പ്രവൃത്തി മൂല്യ നിർണ്ണയം നടത്തിയാണ് പാർട്ട് ബിൽ അനുവദിച്ചിട്ടുള്ളത് എന്നതിനാലും സെക്യേർഡ് അഡ്വാൻസ് നൽകിയ 7/99 മുതൽ പ്രവൃത്തി പൂർത്തിയാക്കിയതായി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അവസാന ബിൽ തയ്യാറാക്കുന്ന തീയതി വരെ പ്രസ്തുത തുകയ്ക്കുള്ള പലിശ കണക്കാക്കി കൺവീനറിൽ നിന്നും ഈടാക്കി വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 6 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 44 | ആയതിനാൽ പദ്ധതി പണം മേലിൽ നിർവ്വഹണോദ്യോഗസ്ഥൻമാർക്ക് ക്യാഷായി നൽകരുതെന്നും ചെക്കായി മാത്രമേ നൽകാവൂയെന്നും ടി തുക ട്രഷറിയിലോ ബാങ്കിലോ നിക്ഷേപിച്ച് ആവശ്യാനുസരണം വിനിയോഗിക്കണമെന്നും ദീർഘകാലം പണം കൈവശം വയ്ക്കാൻ അനുവദിക്കരുതെന്ന് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 45 | സീനിയർ വെറ്ററിനറി സർജനായ ശ്രീ. എ. ജി. രവീന്ദ്രനെതിരെ സാമ്പത്തിക ക്രമക്കേടുകൾക്ക് ക്രിമിനൽ നടപടിയും, ഓഡിറ്റിന് രേഖകൾ സമർപ്പിക്കാത്തതിന് LFA Act പ്രകാരവും, ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകാത്തതിന് വകുപ്പുതലത്തിലും നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 8 | ,, | 57 | സമിതിക്ക് തെറ്റായ വിവരം നൽകിയ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. സി. നാരായണനെതിരെ നടപടി സ്വീകരിച്ച് സമിതിയെ വിവരം അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 73 | കൊളന്ത എ. എൽ. പി. സ്കൂൾ പട്ടികജാതി കോളനി റോഡിന്റെ പണിയ്ക്കായി നൽകിയ 48 ബാരൽ ടാറിൽ ഉപയോഗിക്കാതെ ബാക്കി വന്ന 14 ബാരൽ ടാറിന്റെ വിലയായ 23,464 രൂപ ബന്ധപ്പെട്ട കൺവീനറായ ശ്രീ. ജനാർദ്ദനനിൽ നിന്നും അടിയന്തിരമായി പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ആവശ്യത്തിൽക്കൂടുതൽ ടാർ നൽകുകയും പ്രവൃത്തി പൂർത്തിയാക്കിയശേഷം ബാക്കി വന്ന ടാർ പഞ്ചായത്തിലേക്ക് തിരികെ എടുക്കാതിരിക്കുകയും ചെയ്ത ഉദ്യോഗസ്ഥന്റെ പേരിൽ കർശന വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 10 | ,, | 80 | ബ്ലോക്ക് പഞ്ചായത്തിനുള്ള യഥാർത്ഥ നഷ്ടം കണക്കാക്കി ആയത് ബന്ധപ്പെട്ട കരാറുകാരിൽനിന്ന് ഈടാക്കണമെന്നും ഇതു സംബന്ധിച്ച വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | എടക്കാട് ബ്ലോക്ക് പഞ്ചായത്ത് | 84 | ചട്ടവിരുദ്ധമായി പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നത് ക്രമവിരുദ്ധമാണെന്ന് പഞ്ചായത്ത് കൗൺസിലിനെ ഉപദേശിക്കേണ്ടിയിരുന്ന പഞ്ചായത്ത് സെക്രട്ടറി അപ്രകാരം ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോയെന്നും, ഇക്കാര്യത്തിൽ സെക്രട്ടറി അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും പരിശോധിക്കണമെന്നും ഇക്കാര്യത്തിൽ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ച വന്നിട്ടുണ്ടെങ്കിൽ ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. പ്ലാൻ ഫണ്ടിൽ നിന്നും ചിലവാക്കിയ തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് തിരിച്ചടയ്ക്കുകയോ അല്ലെങ്കിൽ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു. |
| 12 | ,, | 92 | തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽപ്പറഞ്ഞ ഉത്തരവ് തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് കർശനമായി പാലിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 13 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 117 | പൊതുധനം ഇപ്രകാരം മാനദണ്ഡമില്ലാതെ പ്രയോജനരഹിതമായ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് ആശാസ്യമല്ലെന്നും മേലിൽ ഇത്തരം പ്രവൃത്തികൾ ആവർത്തിക്കരുതെന്നും സമിതി നിർദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന പണികളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ബോർഡ് പണിസ്ഥലത്ത് സ്ഥാപിക്കുന്നതിന് ജാഗ്രത ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |